# താമരമൊട്ടുകൾ

വാല്യം 25 | മെയ് 2023 | ലക്കം 05 | Price ₹20



താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

# Bishop's Programme

## May 2023

| | | |
|---|---|---|
| 01 | 08.00 | Mananthavady |
| 02 | 06.30 | Erude |
| | 10.30 | Marikunnu |
| 03 | 08.30 | Perinthalmanna |
| | 19.30 | Bethania |
| 04 | 07.30 | Kulathuvayal |
| | 11.00 | Cathedral |
| 05 | 07.00 | Muthukad |
| 06 | 06.30 | Koodaranji |
| | 10.00 | Thiruvambady |
| | 17.00 | Pallikkunnu |
| 07 | 07.00 | Nenmeni |
| 08 | 09.00 | Punnapra |
| 09 | 06.30 | Bethania |
| | 10.00 | Vythiri |
| | 12.00 | Thamarassery |
| 10 | | Engaged |
| 11 | | Engaged |
| 12 | 08.00 | Vettilappara |
| | 18.30 | Bethania |
| 13 | 10.00 | Mukkam |
| | 11.45 | Thiruvambady |
| | 17.00 | Marikunnu |
| 14 | 10.00 | Oorakam |
| 15 | 10.30 | Chevayur |
| | 18.30 | Chippilithode |
| 16-17 | | Mankulam |
| 18-19 | | Engaged |
| 20 | 10.00 | Anakkampoil |
| | 15.00 | Manjeri |
| 21 | 07.00 | Engapuzha |
| 22 | 10.00 | Thiruvambady |
| | 14.00 | Thamarassery |
| | 17.00 | Marikunnu |
| 23 | 06.30 | Bethania |
| | 10.30 | Valillapuzha |
| | 17.00 | Paloorkotta |
| 24 | 10.00 | Amalapuri |
| 25 | 06.00 | Puthuppady |
| | 11.00 | Vettilappara |
| | 16.00 | Thamarassery |
| 26 | 08.00 | P.O.C. |
| 27 | 06.30 | Kattullamala |
| | 10.00 | Thamarassery |
| | 16.00 | Thottumukkam |
| 28 | | Poovaramthode |
| 29 | 10.30 | Manjuvayal |

വാല്യം 25 താമരമൊട്ടുകൾ മെയ് 2023 ലക്കം 05

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)




"ഇവന് ഈ ജ്ഞാനവും ശക്തിയും എവിടെനിന്ന്? ഇവൻ ആ തച്ചന്റെ മകനല്ലേ?"

(മത്തായി 13:54)

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| . | ആശംസകൾ | 339 |
| 2. | പ്രോഗ്രാം മെയ് 2023 | 340 |
| 3. | മെയ്ദിന സന്ദേശം | 341 |
| 4. | സർക്കുലർ | 346 |
| 5. | കച്ചേരിക്കാര്യം | 349 |
| 6. | വിശ്വാസപരിശീലനം | 351 |
| 7. | ലിറ്റർജി കമ്മീഷൻ | 356 |
| 8. | ആദരാഞ്ജലികൾ | 357 |
| 9. | പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 358 |
| 10. | മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ് | 359 |
| 12. | സ്നേഹസ്മരണയ്ക്ക് | 360 |
| 13. | ഇൻഫാം | 361 |
| 14. | കെസിവൈഎം-എസ്എംവൈഎം | 362 |
| 15. | ഫാമിലി അപ്പോസ്തലേറ്റ് | 366 |
| 16. | വിൻസെന്റ് ഡി പോൾ സൊസൈറ്റി | 366 |
| 17. | വികസനവേദി | 367 |
| 18. | യേശുനിധി | 372 |
| 19. | അജപാലനക്കുറിപ്പുകൾ | 373 |

# BIRTH DAY Greetings

## Rev. Fathers

| | |
|---|---|
| Machukuzhiyil Augustine | May 3 |
| Mundackal George | 3 |
| Vadakkel Sebastian | 4 |
| Chemparathickal George | 4 |
| Koothur Jacob | 12 |
| Valliamthadathil John | 12 |
| Vilangupara Joseph | 12 |
| Kuzhimattathil James | 13 |
| Pulthakidiyel James | 13 |
| Thayyil Kuriakose | 17 |
| Kandathil Vincent | 19 |
| Kochukaipayil Kuriakose | 21 |
| Thandamparambil Joseph | 25 |
| Kudiyirickal Thomas | 31 |

# feast day Greetings

**March 19**

## Rev. Fathers

| | | |
|---|---|---|
| Chakkummoottil Philip | May | 3 |
| Valliamthadathil John | | 16 |

**Mar Remigiose Inchananiyil**

# പ്രോഗ്രാം മെയ് 2023

| | | |
|---|---|---|
| 01 | തിങ്കൾ | **തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പ്** |
| 02 | ചൊവ്വ | വി. അത്തനേഷ്യസ് |
| 03 | ബുധൻ | പീലിപ്പോസ്, യാക്കോബ് ശ്ലീഹന്മാർ |
| 06 | ശനി | വി. ഡൊമിനിക് സാവിയോ |
| 07 | ഞായർ | മാർ അദ്ദായി |
| 12 | വെള്ളി | **ചരമദിനം: ഫാ. ജേക്കബ് പുത്തൻപുര** |
| 13 | ശനി | മത്തിയാസ് ശ്ലീഹാ |
| | | **ചരമദിനം : ഫാ. ജോസഫ് മാമ്പുഴ** |
| 13 | ശനി | വൈദികരുടെ സ്ഥലം മാറ്റം |
| 16 | ചൊവ്വ | **ചരമദിനം: ഫാ. സെബാസ്റ്റ്യൻ ഇളംതുരുത്തി** |
| 18 | വ്യാഴം | നമ്മുടെ കർത്താവിന്റെ സ്വർഗാരോഹണം |
| 25 | വ്യാഴം | **ചരമദിനം: ഫാ. ഫിലിപ്പ് മുറിഞ്ഞകല്ലേൽ** |
| 26 | വെള്ളി | **ചരമദിനം: ഫാ. ജോർജ് താമരശ്ശേരി** |
| 28 | ഞായർ | **പന്തക്കുസ്താത്തിരുനാൾ** |
| 31 | ബുധൻ | പരി. കന്യകാമറിയത്തിന്റെ സന്ദർശനം |

# കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്ന മെയ്ദിന സന്ദേശം 2023

യേശുക്രിസ്തുവിൽ ഏറ്റവും ബഹുമാന്യരായ വൈദികരെ, സന്യസ്തരെ, പ്രിയ ദൈവമക്കളെ,

ഏവർക്കും പിതാവായ ദൈവത്തിൽനിന്നും, കർത്താവായ യേശു ക്രിസ്തുവിൽ നിന്നും പരിശുദ്ധാത്മാവിൽ നിന്നും കൃപയും സമാധാനവും,

അദ്ധ്വാനത്തിന്റെ പ്രാധാന്യവും മഹത്വവും തൊഴിലാളികളുടെ അവകാശങ്ങളും കടമകളും ഓർമ്മപ്പെടുത്തുന്ന മെയ്ദിനത്തി ന്റെയും, തൊഴിലാളിമദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാളിന്റെയും ആശംസകൾ പ്രാർത്ഥനാപൂർവ്വം എല്ലാവർക്കും നേരുന്നു.

1. ദൈവം മനുഷ്യനെ ഏല്പ്പിച്ച പ്രഥമ ഉത്തരവാദിത്വം; "നട്ടു നനയ്ക്കാനും വളർത്താനും" ആണ് (ഉല്പ.2:15). 'എല്ലാം നല്ലതായിരിക്കുന്നുവെന്നു കണ്ടുവിലയിരുത്തിയതിനെ" കാത്തു പാലിക്കാനാണ് മനുഷ്യനോട് ആവശ്യപ്പെട്ടത്. ഈ പ്രപഞ്ചത്തിൽ ദൈവം ഒളിപ്പിച്ചുവച്ചിരിക്കുന്ന അത്ഭുതങ്ങളെ തിരിച്ചറിഞ്ഞ് പ്രയോജനപ്പെടുത്തി മനോഹരമാക്കുന്നതിനായി ദൈവഹിതാനുസരണം മനുഷ്യർ ഏർപ്പെടുന്ന പ്രവൃത്തിയാണല്ലോ തൊഴിൽ. അത് ദൈവം നടത്തുന്ന സൃഷ്ടി കർമ്മത്തിലും രക്ഷാകരകർമ്മത്തിലുള്ള ഒരുവ്യക്തിയുടെ പങ്കുചേരലാണ് (സഭയുടെ സാമൂഹികപ്രബോധനം 263).

2. തൊഴിലിടങ്ങളുടെ വിശുദ്ധിയിൽനിന്നാണ് സംസ്കാരങ്ങളും ആരാധനരീതികളും രൂപപ്പെട്ടത്. ഉപജീവനത്തിനുള്ളത് പ്രകൃതി യിൽനിന്നും കണ്ടെത്തി ജീവിതം തുടങ്ങിയ മനുഷ്യൻ, കരുത ലിന്റെ ചിന്തയിലേക്ക് വന്നപ്പോഴാണ് തൊഴിലിന് പ്രാധാന്യം കൈവന്നത്. ലാഭം നേടാനുള്ള മനുഷ്യന്റെ അദമ്യമായ ആഗ്രഹ മാണ് തൊഴിലിടങ്ങളിലെ സമത്വഭാവം നഷ്ടമാക്കിയതും, ഇന്നും നഷ്ടമാക്കുന്നതും.

3. ഇന്നത്തെ തൊഴിൽ മേഖലയെക്കുറിച്ചുള്ള ചില നിരീക്ഷണ ങ്ങളും, നാം സ്വീകരിക്കേണ്ട സമീപനങ്ങളെ സംബന്ധിച്ച ചിന്തക ളുമാണ് താഴെ ചേർത്തിരിക്കുന്നത്. കോവിഡ് മഹാമാരി ഒരു പുതിയ

സാമൂഹിക-സാമ്പത്തിക ക്രമത്തിനു രൂപം നൽകിയെന്നു ചിലർ അഭിപ്രായപ്പെടുന്നുണ്ട്. 'ഓക്സ്ഫാം' എന്ന അന്താരാഷ്ട്ര സംഘടനയുടെ കണ്ടെത്തലുകൾ ഏറെ പ്രസക്തമാണ്. 2023 ജനുവരിയിൽ പ്രസിദ്ധീകരിച്ച ഏറ്റവും പുതിയ റിപ്പോർട്ട് പ്രകാരം കോവിഡ് കാലത്തിൽ ഇന്ത്യയിലെ ദരിദ്രരുടെ എണ്ണം 19 കോടി യിൽ നിന്നും 35 കോടിയായി വർധിച്ചു. അതേസമയം ശതകോടീ ശ്വരന്മാരുടെ എണ്ണം 102ൽ നിന്നും 166 ആയി വർദ്ധിക്കുകയു ണ്ടായി. അടിത്തട്ടിലുള്ള 50 ശതമാനം പേരുടെ പക്കൽ രാജ്യത്തെ സ്വത്തിൻെറ 3 ശതമാനം മാത്രം ഉള്ളപ്പോൾ ജനസംഖ്യയിലെ ഒരു ശതമാനം മാത്രമുള്ള അതിസമ്പന്നരാണ് രാജ്യത്തെ സമ്പത്തിൻെറ 40 ശതമാനവും കൈവശമാക്കിയിരിക്കുന്നത്. ഇത് ഭരണഘടന വിഭാവനം ചെയ്യുന്ന നീതിക്കും സ്ഥിതിസമത്വത്തി നും എതിരാണ്. ഈ അനീതി തടയാനുള്ള ക്രിയാത്മക നടപടികൾ സർക്കാരുകൾ സ്വീകരിക്കേ ണ്ടിയിരിക്കുന്നു.

4. രാജ്യത്തെ നിലവിലുള്ള നിയമസംവിധാനങ്ങളിൽ കാലികമായ മാറ്റങ്ങൾ വരുത്തുമ്പോഴും പുരോഗമനപരമായ പദ്ധതികൾ ആവി ഷ്കരിക്കുമ്പോഴും ആ പ്രദേശങ്ങളിലെ മനുഷ്യരെയും ആവാസ വ്യവസ്ഥകളെയും ബാധിക്കുന്നില്ല എന്നുമാത്രമല്ല, അവയെ സംരക്ഷിക്കുവാനും മനുഷ്യരുടെ ആശങ്കകൾ ദൂരീകരിക്കാനും വിവിധ സർക്കാരുകൾക്ക് ഉത്തരവാദിത്വവും ബാധ്യതയും ഉണ്ട്. നീതിക്കുവേണ്ടി ശബ്ദിക്കുന്ന പാവപ്പെട്ട വരെയും അവർക്ക് പിന്തുണ നൽകുന്നവരെയും ദേശവിരുദ്ധരും വികസന വിരോധികളും വിഭാഗീയത വളർത്തുന്ന വരുമായി ചിത്രീകരിക്കാൻ അധികാരികളും ഉദ്യോഗസ്ഥ വൃന്ദവും മാധ്യമങ്ങളും ചേർന്നുനടത്തുന്ന പ്രവർത്തനങ്ങൾ വളരെ സുവ്യക്തമാണ്. വികസനത്തിന്റെ ഗുണഭോക്താക്കളായി മാറാൻ തദ്ദേശവാസികൾ ഉൾപ്പെടെയുള്ള എല്ലാവർക്കും അവസരമു ണ്ടാകത്തക്ക വിധത്തിൽ മാത്രമേ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ പാടുള്ളൂ.

5. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും മാതൃകയായി ട്ടായിരുന്നു കേരളത്തിലെ അസംഘടിത തൊഴിലാളി ക്ഷേമനി ധികൾ പ്രവർത്തിച്ചിരുന്നത്. എന്നാൽ ഈ അടുത്തകാലത്ത് അതിന്റെ പ്രവർത്തനങ്ങൾക്ക് ഇകഴ്ച സംഭവിച്ചിട്ടുണ്ടോയെന്നു ഗൗരവമായി പരിശോധിക്കേണ്ടിയിരിക്കുന്നു. പല ഓഫീസുക ളിലും ആവശ്യത്തിനു

ജീവനക്കാരില്ല. ഫണ്ടില്ലായെന്ന പേരിൽ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന തിൽ അതിയായ കാലതാമസം നേരിടുന്നു, ക്ഷേമനിധിയിൽ അംഗങ്ങളായിചേർന്നു ഇരുപതും മുപ്പതും വർഷം വിഹിതം അടച്ചു പ്രായപരിധി എത്തിയതിനെ തുടർന്നു വിരമിച്ചവർക്ക് പെൻഷൻ ലഭിക്കുന്നതിൽ തടസ്സംനേരിടുന്നു. ക്ഷേമനിധി ഫണ്ട് വകമാറ്റി ഉപയോഗിക്കുന്നത് ദരിദ്രന്റെ അന്നം കവർച്ച ചെയ്യുന്ന തിനു തുല്യമാണ്. ക്ഷേമനിധി പെൻഷൻ ലഭിക്കാൻ അർഹത യുള്ളവരെ സാമൂഹിക സുരക്ഷാപെൻഷനൊപ്പം സംയോജിപ്പി ച്ചത് അനുചിതമായ നടപടിയാണെന്നും പറയാതെവയ്യ. അധികാ രികൾക്ക് തൊഴിലാളികളുടെ ആശങ്കകൾ പരിഹരിക്കാൻ ധാർ മ്മിക ചുമതലയുണ്ട്.

6. തൊഴിലാളി സൗഹൃദസംസ്ഥാനം എന്ന സൽപ്പേര് കേരളത്തിനു നഷ്ടപ്പെടുന്നുണ്ടോയെന്നു ഗൗരവമായി പരിശോധിക്കേണ്ടിയിരി ക്കുന്നു. കടകൾ, ചെറിയ ഓഫീസുകൾ, മാർക്കറ്റിങ്ങ് സ്ഥാപന ങ്ങൾ എന്നിവടങ്ങളിൽ ധാരാളം സ്ത്രീത്തൊഴിലാളികൾ ഉൾപ്പെടെ നിരവധിപേർ ജോലിചെയ്തുവരുന്നുണ്ട്. കൂടുതൽ സമയം ജോലിചെയ്യേണ്ടിവരിക, കൃത്യ മായി വേതനം ലഭിക്കാതിരിക്കുക, പി. എഫ്. ഉൾപ്പടെയുള്ള സാമൂഹിക സുരക്ഷാ പദ്ധതികൾ നിഷേധിക്കപ്പെടുക തുടങ്ങിയ പലതരം ചൂഷണങ്ങൾക്ക് ഈവിഭാഗം ഇരയാകുന്നുണ്ട്. എന്നാൽ ഈവിഭാഗത്തിന്റെ അവകാശ സംരക്ഷ ണത്തിനായി നിയമങ്ങൾ നടപ്പിലാക്കാൻ ബന്ധപ്പെട്ട അധികാരി കളും സംരക്ഷകരാകേണ്ട ട്രേഡ് യൂണിയനുകളും ശ്രദ്ധ ചെലു ത്തുന്നതായി കാണുന്നില്ല.

7. ജോലി ചെയ്യുന്നവർക്ക് വേതനത്തിനു അവകാശമുണ്ട്. ഈ അവകാശം നിയമാനുസൃതം സംരക്ഷിക്കപ്പെട്ടിട്ടുള്ളതാണ്. "കൂലിക്കാരനു വേതനം നല്കാൻ പിറ്റേന്നു രാവിലെവരെ കാത്തിരിക്ക രുത്" (ലേവ്യർ 19:13) എന്നാണ് വിശുദ്ധഗ്രന്ഥം പറയുന്നത്. സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിൽപോലും ഈ നിയമങ്ങൾ പാലിക്കപ്പെടുന്നില്ലായെന്നത് ഖേദകരമാണ്. 'മൂലധനത്തേ ക്കാളും, മെഷിനറിയെക്കാളും പ്രാധാന്യം മനുഷ്യർക്കാണ്' എന്ന്സഭാപ്രബോധനങ്ങൾ പഠിപ്പിക്കുന്നു (ലൗദാത്തൊ സി 128). ചില വിഭാഗംതൊഴിലാളികളുടെ ഇടയിൽ രൂപപ്പെട്ടിട്ടുള്ള തെറ്റായ പ്രവണതകളും തിരുത്തേണ്ടതായിട്ടുണ്ട്. നിയമംമൂലം നിർത്തലാ ക്കിയിട്ടും നോക്കുകൂലി മുതലായവ പുതിയരൂപത്തിൽ അവതരിപ്പി ക്കപ്പെടുന്നു. തൊഴിലാളികളുടെ ശബ്ദമാകേണ്ട സംഘടനകൾ തൊഴിൽ നിഷേധിക്കുന്ന ശക്തികളായി മാറുകയും, കയ്യൂക്കിന്റെ ബലത്തിൽ സ്ഥാപനങ്ങൾ

പൂട്ടിക്കുകയും ചെയ്യുന്നു. ഇത്തരം അനാശാസ്യ നടപടികൾ പൂർണ്ണമായും ഇല്ലാതാക്കേണ്ടിയിരി ക്കുന്നു.

8. കേരളത്തിൽനിന്നും ലക്ഷക്കണക്കിനുപേരാണ് ഇന്ത്യയ്ക്ക കത്തും വിദേശത്തും പ്രവാസികളായി ജോലിചെയ്യുന്നത്. യുവജന കുടിയേറ്റം ഇപ്പോൾ അതിതീവ്രമാണ്. ഇതിന്റെ കാരണങ്ങൾ സർക്കാരുകൾ വിലയിരുത്തേണ്ടതാണ്. പ്രവാസികൾ നാട്ടിലേക്ക യച്ച ധനമാണ് കേരളത്തിന്റെ വികസനത്തിനു അടിത്തറയിട്ട തെന്ന കാര്യം വിസ്മരിക്കരുത്. പ്രവാസികളുടെ വിയർപ്പിന്റെ ഫലമാണ് കേരള വികസന മൂലധനമായി ഇന്നും നിലനില്ക്കുന്നത്. ആയതിനാൽ പ്രവാസിക്ഷേമം ഉറപ്പുവരുത്തേണ്ടത് സർക്കാരിന്റെ കടമയാണ്. അതുപോലെ തന്നെ അയൽസംസ്ഥാനങ്ങളിൽ നിന്നും അനേകംപേർ കേരളത്തിൽ ജോലി ചെയ്യുന്നുണ്ട്. അതിഥി തൊഴിലാളികൾ എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന ഇവർ മുപ്പത് ലക്ഷത്തോളം വരുമെന്നാണ് കണക്ക്. കേരളത്തിന്റെ സമ്പദ്‌വ്യവ സ്ഥയിൽ ഈ തൊഴിലാളികളുടെ ഭാഗഭാഗിത്വം വേണ്ടവിധത്തിൽ പരിഗണി ക്കപ്പെടുന്നില്ല. പലപ്പോഴും അവഗണനയും വിവേചന വും ചൂഷണവും ഇവർ നേരിട്ടുകൊണ്ടിരിക്കുകയാണ്. "പ്രവാസി കളെയും അഭയാർ ത്ഥികളെയും ചേർത്തുപിടിച്ചുകൊണ്ട് ഭാവി ലോകത്തെ നിർമ്മിക്കാനാണ്", ഫ്രാൻസിസ് പാപ്പ 2022 ലെ പ്രവാ സിദിനസന്ദേശത്തിൽ ആഹ്വാനം നല്കിയത്. കേരളത്തിൽ തൊഴിലെടുക്കുന്ന അയൽസംസ്ഥാന തൊഴിലാളികൾക്കായി പ്രത്യേക പ്രവർത്തനങ്ങൾ രൂപതകളുടെയും സന്യാസസമൂഹങ്ങളുടെയും നേതൃത്വത്തിൽ ആവിഷ്കരിക്കുന്നത് ഉചിതമാണ്.

9. കെ.സി.ബി.സി. തൊഴിൽകാര്യ-പ്രവാസി കമ്മീഷന്റെ ആഭിമഖ്യ ത്തിൽ പ്രവർത്തിക്കുന്ന കേരള ലേബർമൂവ്മെന്റ്, അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശക്തീകരണത്തിനും പ്രാധാന്യം നല്കിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടത്തിവരു ന്നത്. സി.ബി.സി.ഐ ലേബർകമ്മീഷന്റെ നേതൃത്വത്തിലുള്ള വർ ക്കേഴ്സ് ഇന്ത്യ ഫെഡറേഷന്റെ കേരളഘടകമാണ് കെ.എൽ.എം. തൊഴിലാളികളുടെ സാമൂഹിക സുരക്ഷ ഉറപ്പാക്കുന്ന തോടൊപ്പം അവരെ നേതൃത്വത്തിലേക്ക് ഉയർത്താനും, തൊഴിലാളികളിൽ സമ്പാദ്യശീലം വളർത്തുവാനും സാമ്പത്തിക അച്ചടക്കത്തിന് ആവശ്യമായ കാര്യങ്ങൾ നടപ്പിലാക്കാനും തൊഴിലവകാശങ്ങൾ സംരക്ഷിച്ച് കിട്ടാനും ശ്രമിക്കുന്നു. കേരളത്തിലെ സഭാസ്ഥാപന ങ്ങളിലെ ജീവനക്കാരുടെ

സേവനവ്യവസ്ഥകൾ നിശ്ചയിച്ചു കൊണ്ട് കെ.സി.ബി.സി. പ്രാബല്യത്തിലാക്കിയിട്ടുള്ള 'പീപ്പിൾ മാനേജ്മെന്റ്പോളിസി' നടപ്പിലാക്കാൻ വേണ്ട പിന്തുണാ സംവിധാനങ്ങൾ ഏർപ്പെടുത്താൻ കെ.എൽ.എം. നെയാണ് ചുമത ലപ്പെടുത്തിയിരിക്കുന്നത് (CIC:1286 & CCEO:1030). കേരളത്തിൽ തൊഴിൽചെയ്യുന്ന പ്രവാസി തൊഴിലാളിസംഘാടന പ്രവർത്തന ങ്ങളെ ഏകോപിപ്പിക്കാനും, ആവശ്യമായ പിന്തുണ ഉറപ്പാക്കാനും കെ.എൽ.എം. ശ്രദ്ധിക്കുന്നുണ്ട്.

10. കെ.എൽ.എം. ന്റെ യൂണിറ്റുകൾ എല്ലാഇടവകകളിലും സ്ഥാപി ക്കേണ്ടതായിട്ടുണ്ട്. എല്ലാരൂപതകളിലും, ഫൊറോന ആസ്ഥാന ങ്ങളിലും, സാധിക്കുന്ന ഇടവകകളിലും വർക്കേഴ്സ് ഫസിലി റ്റേഷൻ സെന്ററുകൾ സ്ഥാപിച്ച് തൊഴിലാളി ക്ഷേമപ്രവർത്തന ങ്ങൾ ഏറ്റെടുക്കാൻ ശ്രമിക്കണം. മെയ്ദിനത്തോടനുബന്ധിച്ച്തൊഴിലാളിസംഗമങ്ങൾ, പ്രത്യേക ദിവ്യബലികൾ എന്നിവ നട ത്തുന്നത് നല്ലതാണ്.

11. സഭയുടെ തൊഴിൽകാര്യപ്രവർത്തനങ്ങളോട് സർവാത്മന സഹകരിച്ച് പ്രവർത്തിക്കുന്ന എല്ലാവരേയും അഭിനന്ദിക്കുന്നു. എല്ലാ തൊഴിലാളികളെയും പ്രത്യേകമായി ദൈവം അനുഗ്രഹി ക്കട്ടെ എന്ന് പ്രാർഥിക്കുന്നു.

**ബിഷപ്പ് ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ**
(ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**
(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

**ബിഷപ്പ് മാർ ജോർജ് മഠത്തികണ്ടത്തിൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

# കേരള സഭാനവീകരണം 2022-2025

## ദിവ്യകാരുണ്യ കോൺഗ്രസിനെ സംബന്ധിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

'സഭ ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം' എന്ന ആപ്ത വാക്യത്തോടെ കേരളസഭയിൽ ആരംഭിച്ചിരിക്കുന്ന നവീകരണ പ്രവർത്തനങ്ങളുടെ പ്രാരംഭ നടപടികൾ പൂർത്തി യായി. കേരളസഭാ നവീകരണത്തിന്റെ ഭാഗമായി തയ്യാറാക്കിയ മാർഗരേഖയുടെ വെളിച്ചത്തിൽ സംഘടിപ്പിച്ച പഠനങ്ങളുടെയും ചർച്ചകളുടെയും അടിസ്ഥാനത്തിൽ 2025 വരെ സംസ്ഥാന- രൂപത- ഇടവക-കുടുംബതലങ്ങളിൽ നടപ്പിൽ വരുത്തേണ്ട പ്രവർത്തന പദ്ധതി (Action Plan) ക്ക് രൂപം കൊടുത്തു. അതിന്റെ കോപ്പി കൾ രൂപതകളിൽ ഇതിനോടകം കിട്ടിക്കാണും എന്നു പ്രതീക്ഷിക്കുന്നു.

'കുടുംബ വിശുദ്ധീകരണത്തിലൂടെ സഭാ നവീകരണം' എന്നതാണ് പ്രവർത്തന പദ്ധതികളുടെ മുഴുവൻ ലക്ഷ്യമായി കാണേ ണ്ടത്. ക്രിസ്തുവിൽ നവീകരിക്കപ്പെട്ട കുടുംബങ്ങളിലൂടെ മാത്രമേ നവീകൃതമായ ഒരു സഭയെ കെട്ടിപ്പടുക്കാൻ നമുക്ക് കഴിയുക യുള്ളൂ ഇതിന്റെ ഭാഗമായി ഓരോ രൂപതയിലും നിലവിൽ ചെയ്തു കൊണ്ടിരിക്കുന്ന എല്ലാ ശുശ്രൂഷകളും സംവിധാന പ്രവർത്തന ങ്ങളും സഭാനവീകരണത്തിന്റെ ചൈതന്യത്തിൽ പുനരാവിഷ് കരിക്കേണ്ടതുണ്ട്. അതോടൊപ്പം പ്രവർത്തന പദ്ധതിയിൽ നിർദ്ദേശിച്ചിരിക്കുന്ന കാര്യങ്ങൾ ഓരോ രൂപതയുടെയും പ്രത്യേക പശ്ചാത്തലമനുസരിച്ച് നടപ്പിൽ വരുത്തുകയും ചെയ്യേണ്ടതാണ്.

### ദിവ്യകാരുണ്യ കോൺഗ്രസ്

'സഭ കുർബാനയിൽ നിന്ന് ജീവൻ സ്വീകരിക്കുന്നു' എന്ന യാഥാർത്ഥ്യം പ്രഖ്യാപിച്ചുകൊണ്ട് കേരളസഭാ നവീകരണ ത്തിന്റെ ഭാഗമായി 2023 ഡിസംബർ 1, 2, 3 തീയതികളിൽ ഒരു ദിവ്യകാരുണ്യ കോൺഗ്രസ് സംഘടിപ്പിക്കാനുള്ള ഒരുക്കങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. വരാപ്പുഴ അതിരൂപതയുടെ കീഴിലുള്ള വല്ലാർപാടം ബസിലിക്കയായിരിക്കും സമ്മേളനവേദി. 'നാഥാ, ഞങ്ങളോടൊത്തു വസിച്ചാലും' (ലൂക്കാ 24:29) എന്ന ആപ്തവാക്യമാണ് ഇതിനായി സ്വീകരിച്ചിട്ടുള്ളത്.

ദിവ്യകാരുണ്യ കോൺഗ്രസിനു മുന്നോടിയായി എല്ലാ രൂപത കളിലും

ഇടവകകളിലും ഇതിനായുള്ള ഒരുക്കങ്ങൾ നടത്തേണ്ട തുണ്ട്. അതിന്റെ ഭാഗമായി രൂപതാതലത്തിൽ ദിവ്യകാരുണ്യ സമ്മേളനങ്ങളും റാലിയും, ഇടവകതലത്തിൽ ദിവ്യകാരുണ്യ കൂട്ടായ്മകളും, 40 മണിക്കൂർ ആരാധനയും, ഏകദിന ആരാധനയും മറ്റും സംഘടിപ്പിക്കേണ്ടതാണ്.

വല്ലാർപാടത്തുവച്ച് സംഘടിപ്പിക്കുന്ന കോൺഗ്രസിൽ ഒരു ഇടവകയിൽ നിന്ന് ഒരാൾ എന്ന രീതിയിലാണ് പ്രതിനിധി (Delegates) കളെ തെരഞ്ഞെടുക്കേണ്ടത്. അപ്രകാരം കേരളത്തിലെ അയ്യായിരത്തോളമുള്ള ഇടവകകളിൽ നിന്നായി 5000 പ്രതിനിധികൾ ഇതിൽ പങ്കെടുക്കും. രൂപതാ പ്രതിനിധികളെ തെരഞ്ഞെടുക്കുമ്പോൾ മുതിർന്നവരോടൊപ്പം യുവജനങ്ങളുടെയും സ്ത്രീകളുടെയും പ്രാതിനിധ്യം ഉറപ്പുവരുത്തേണ്ടതാണ്. ഇതുകൂടാതെ ശനി, ഞായർ ദിവസങ്ങളിൽ 2000 യുവജനങ്ങൾ ദിവ്യകാരുണ്യ ജാഗരണത്തിനായി സമ്മേളനവേദിയിൽ ഒത്തു ചേരും. മാത്രമല്ല, കേരള സഭയിലെ എല്ലാ മെത്രാന്മാരും വൈദിക-സന്ന്യസ്ത പ്രതിനിധികളും, പ്രത്യേക പരിശീലനം നേടിയ 250 റിസോഴ്സ് ടീം അംഗങ്ങളും 500 വോളണ്ടിയർമാരും ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കെടുക്കും.

2023 ഡിസംബർ 1 ന് വെള്ളിയാഴ്ച രാവിലെ 9 മണിക്ക് ആരംഭിച്ച് ഞായറാഴ്ച വൈകിട്ട് മൂന്നുമണിക്ക് അവസാനിക്കുന്ന രീതിയിലാണ് പരിപാടികൾ ക്രമീകരിക്കുന്നത്. ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കെടുക്കുന്ന പ്രതിനിധികൾക്ക് താമസിക്കാ നുള്ള സൗകര്യങ്ങൾ ഒരുക്കുന്നത് വരാപ്പുഴ, എറണാകുളം, മൂവാ റ്റുപുഴ, കോട്ടപ്പുറം, കൊച്ചി, ആലപ്പുഴ എന്നീ ആറ് രൂപതകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട 100 ഇടവകകളിലെ വിവിധ ഭവനങ്ങ ളിലായിരിക്കും.

## റിസോഴ്സ് ടീം പരിശീലനം

ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കെടുക്കുന്ന പ്രതിനിധി കൾക്ക് വിഷയത്തെ സംബന്ധിച്ച കൃത്യമായ അറിവും പരിശീല നവും നൽകുന്നതിനായി 250 പേരടങ്ങുന്ന ഒരു റിസോഴ്സ് ടീമിന് രൂപം കൊടുക്കുന്നുണ്ട്. ഒരു രൂപതയിൽ നിന്ന് നാലു പേർ വീതം എന്ന ക്രമത്തിലാണ് റിസോഴ്സ് ടീമിനെ തെരഞ്ഞെടുക്കുന്നത്. ഇതിൽ രണ്ടു വൈദികരും രണ്ടു അല്മായരും (പുരുഷനും സ്ത്രീ യും) വൈദിക-സന്ന്യസ്ത സമർപ്പിത സമൂഹങ്ങളിൽ നിന്ന് ഒരു പ്രിതിനിധി വീതവും റിസോഴ്സ് ടീമിൽ അംഗങ്ങളായിരിക്കും.

തൃക്കാക്കര CST ജനറലേറ്റിൽ വച്ച് 2023 മെയ് 24 മുതൽ 26

വരെയായിരിക്കും റിസോഴ്സ് ടീമിന് പരിശീലനം നല്കുക.

കേരളസഭാ നവീകരണ യജ്ഞത്തിൽ നമുക്കു പ്രാർഥനാപൂർവം പങ്കുചേരാം. സഭയെ കാലത്തിനനുസൃതമായി നിരന്തരം നയിക്കുന്ന പരിശുദ്ധാത്മാവ് അതിനായി നമ്മെ പ്രാപ്തരാക്കട്ടെ. നവീകരണ പ്രവർത്തനങ്ങൾക്ക് സംസ്ഥാന-രൂപതാതലങ്ങളിൽ നേതൃത്വം നല്കുന്നവർക്കും സഹകരിച്ചു പ്രവർത്തിക്കുന്ന ഏവർ ക്കും നന്ദിയർപ്പിക്കുന്നു.സർവശക്തനായ ദൈവം ഏവരെയും അനുഗ്രഹിക്കട്ടെ!

**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ**
പ്രസിഡന്റ്, കെസിബിസി

**ബിഷപ് മാർ പോളി കണ്ണൂക്കാടൻ**
വൈസ് പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. അലക്സ് വടക്കുംതല**
സെക്രട്ടറി ജനറൽ, കെസിബിസി

# കച്ചേരിക്കാര്യം

### 1. വികാരിമാരുടെ സ്ഥലംമാറ്റ റിപ്പോർട്ട്

ബഹു. വൈദികരുടെ സ്ഥലമാറ്റം 2023 മെയ് 13 ശനിയാഴ്ചയാണ്. മെയ് 14 ഞായറാഴ്ച പുതിയ സ്ഥലങ്ങളിൽ ബഹു. വൈദികർ ഉത്തരവാദിത്തമേൽക്കേണ്ടതാണ്.

ബഹു. വികാരിമാരുടെ സ്ഥലം മാറ്റത്തോടനുബന്ധിച്ച് ഇടവകയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുന്ന റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. റിപ്പോർട്ടിന്റെ മാതൃക നൽകുന്നതായിരിക്കും. സ്ഥലമാറ്റമുള്ള എല്ലാ ബഹു. വികാരിമാരും നൽകിയിരിക്കുന്ന മാതൃകയിൽ റിപ്പോർ ട്ടിന്റെ രണ്ട് കോപ്പി തയ്യാറാക്കുകയും അത് നടത്തുകൈക്കാരനെ ഏൽപ്പിച്ച് പോകേണ്ടതുമാണ്. ഇടവകയിൽ പുതുതായി ചാർജ്ജെടുക്കുന്ന ബഹു. വികാരിയച്ചൻ നടത്തുകൈക്കാരനിൽ നിന്ന് റിപ്പോർ ട്ടും റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന സാധനങ്ങളും കൈപ്പറ്റിയതിനുശേഷം മുൻവികാരി തയ്യാറാക്കിയിരിക്കുന്ന റിപ്പോർട്ടിൽ ഒപ്പുവച്ച് ഒരാഴ്ചയ്ക്കുള്ളിൽ റിപ്പോർട്ടിന്റെ ഒരുകോപ്പി രൂപതാകാര്യാലയത്തിൽ എത്തിക്കേണ്ടതാണ്. ഒരു കോപ്പി ഇടവകയുടെ ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

### 2. രൂപതാദിനം

രൂപതാദിന ചെലവുകളിലേയ്ക്ക് ഓരോ ഇടവകയിൽ നിന്നും ഗ്രേഡനുസരിച്ച് ഒരു വിഹിതം നൽകേണ്ടതാണ്. ഈ തുക രൂപതാ കേന്ദ്രത്തിൽ എത്തിക്കുമല്ലോ. A ഗ്രേഡ് - Rs. 8,000/-; B ഗ്രേഡ് - Rs. 6,000/-; C ഗ്രേഡ് - Rs.4,000/-; D ഗ്രേഡ് - Rs. 3,000-; E ഗ്രേഡ് - Rs. 2,000/-.

### 3. ആദരഞ്ജലികൾ


ബഹു. ജെയിംസ് ചേരിക്കലന്റെ പ്രിയ മാതാവ് **ത്രേസ്യാമ്മ ചേരിക്കൽ (94)** 2023 മാർച്ച് 29 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. ഏപ്രിൽ 1-ാം തീയതി പാലക്കാട് രൂപതയിലെ ചീനികപ്പാറ ഇടവകയിൽ നടന്ന മൃതസംസ്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് കാർമ്മികത്വം വഹിച്ചു. സന്തപ്ത കുടുംബാംഗങ്ങളോടും പ്രത്യേകിച്ച് ബഹു. ജെയിംസച്ച നോടും രൂപതാകുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു. പരേതയുടെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

എം.എസ്.എം.ഐ. സന്ന്യാസിനി സമൂഹത്തിലെ അംഗം **സി. മേഴ്സി എം.എസ്.എം.ഐ. (85)** 2023 മാർച്ച് 29-ാം തീയതി നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ടു. കോഴിക്കോട് ഗ്ദസെമേനി കോൺ വെന്റ് ചാപ്പലിൽ നടന്ന മൃതസംസ്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് കാർമ്മികത്വം വഹിച്ചു. എം.എസ്.എം.ഐ. സമൂഹാംഗങ്ങളോട് രൂപതയുടെ അനുശോചനം അറിയിക്കുകയും പരേതയുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുക യും ചെയ്യുന്നു.

**4. സ്മരണാഞ്ജലി**

| | | |
|---|---|---|
| 5-05-2002 | - | റവ. ഫാ. ജോസഫ് മാടക്കച്ചേരി |
| 06-05-1991 | - | റവ. ഫാ. അബ്രാഹം കവളക്കാട്ട് |
| **12.05.2020** | **-** | **റവ. ഫാ. ജോക്കബ് പുത്തൻപുര** |
| **13-05-2007** | **-** | **റവ. ഫാ. ജോസഫ് മാമ്പുഴ** |
| 16-05-1984 | - | മോൺ. ജേക്കബ് പുത്തോട്ട് |
| **16-05-2019** | **-** | **റവ. ഫാ. സെബാസ്റ്റ്യൻ ഇളംതുരുത്തിൽ** |
| 22-05-1992 | - | മോൺ. തോമസ് പഴേപറമ്പിൽ |
| 24-05-1997 | - | റവ. ഫാ. മാത്യു നടുവിലേക്കുറ്റ് |
| **25-05-2003** | **-** | **റവ. ഫാ. ഫിലിപ്പ് മുറിഞ്ഞകല്ലേൽ** |
| **26-05-2008** | **-** | **റവ. ഫാ. ജോർജ് താമരശ്ശേരി** |

**പ്രോട്ടോസിഞ്ചെല്ലൂസ്**



# വിശ്വാസപരിശീലനം

"മറ്റുള്ളവരുടെ തെറ്റുകൾ നിങ്ങൾ ക്ഷമിക്കുമെങ്കിൽ സ്വർഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങളോടും ക്ഷമിക്കും" (മത്തായി 6:14)

## വിശ്വാസോത്സവം

ഏപ്രിൽ 11, 12, 13 തിയതികളിൽ രൂപതയിലെ എല്ലാ സൺഡേ സ്കൂളുകളിലും വിശ്വാസോത്സവം നടത്തുകയുണ്ടായി. ഈ ദിവസങ്ങൾ മനോഹരമാക്കാൻ പരിശ്രമിച്ച ബഹുമാനപ്പെട്ട വികാരിയച്ചന്മാർക്കും എല്ലാ അധ്യാപകർക്കും പ്രത്യേകം നന്ദി.

## ASPCT പരീക്ഷ രൂപതാതലം

ഇടവകയിൽ ഒന്ന് രണ്ട് സ്ഥാനങ്ങൾ ലഭിച്ച അധ്യാപകർക്കുള്ള രൂപതാതല പരീക്ഷ ഏപ്രിൽ 11 ചൊവ്വാഴ്ച വൈകുന്നേരം 8.30 മുതൽ 8.45 വരെ ഗൂഗിൾ ഫോം വഴി നടത്തി.

## ASPCT രൂപതാതല പരീക്ഷയിൽ 1, 2, 3 സ്ഥാനങ്ങൾ കരസ്ഥമാക്കിയവർ

1st Prize : മിനി ബിജു തടിക്കാട്ട് (കരുവാരകുണ്ട്)

2nd Prize : ലിസമ്മ അതിരക്കുളങ്ങര (പന്തല്ലൂർ)

3rd Prize : ബീന നെൽസൻ ചക്കുംമൂട്ടിൽ (കൂരോട്ടുപാറ)

## വാർഷിക പരീക്ഷ

2022-2023 അധ്യയനവർഷത്തെ വാർഷിക പരീക്ഷ 2023 ഏപ്രിൽ 15 ശനിയാഴ്ച രാവിലെ 10.00 മണി മുതൽ 12.00 മണി വരെ രൂപതയിലെ എല്ലാ സൺഡേ സ്കൂളുകളിലും നടക്കുകയുണ്ടായി.

## സ്കോളർഷിപ്പ് പരീക്ഷ

2022-2023 അധ്യയനവർഷത്തെ സ്കോളർഷിപ്പ് പരീക്ഷ 2023 ഏപ്രിൽ 29 ശനിയാഴ്ച രാവിലെ 9.00 മണി മുതൽ 11 മണി വരെ മേഖലാകേന്ദ്രങ്ങളിൽ വച്ച് നടക്കുകയുണ്ടായി.

## ടാലന്റ് ഫെസ്റ്റ്

13-ാം ക്ലാസിൽ നേതൃത്വനിരയിലുള്ള കുട്ടികൾക്കായുള്ള സംഗമം 2023 ഏപ്രിൽ 14 വെള്ളിയാഴ്ച താമരശ്ശേരി കത്തീഡ്രൽ പാരിഷ്ഹാളിൽ വച്ച് രാവിലെ 9.30 മുതൽ 4.30 വരെ നടത്തുകയുണ്ടായി. രൂപതാ പ്രസിഡന്റ് മി. ഷാജി കണ്ട

ത്തിലിന്റെ സ്വാഗതപ്രസംഗത്തോടെ ആരംഭിച്ച സംഗമം അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് ഉദ്ഘാടനം ചെയ്തു. രൂപതാ മതബോധന ഡയറക്ടർ ആമുഖ സന്ദേശം നൽകി. രൂപതാ ആനിമേറ്റർ സി. ആൻ മേരി SABS യോഗത്തിന് നന്ദി പറഞ്ഞു. 55 കുട്ടികൾ പ്രോഗ്രാമിൽ സംബന്ധിച്ചു. മി. ജേക്കബ് കോച്ചേരി, മി. ബോണി, മി. സണ്ണി കോക്കാപ്പിള്ളി എന്നിവർ സംഗമത്തിന് നേതൃത്വം നൽകി.

### ടാലന്റ് ഫെസ്റ്റിൽ ബെസ്റ്റ് പെർഫോർമേഴ്സായി തെരെഞ്ഞെടുക്കപ്പെട്ടവർ

1. ആഞ്ചലോ പൗലോസ് പുതുശ്ശേരിപുത്തൻപുരയിൽ (പുല്ലൂരാംപാറ)
2. അന്ന മരിയ റോയി താഴത്തേമുറിയിൽ (ചേവായൂർ)
3. ആൻ മേരി അഗസ്റ്റിൻ തലച്ചിറ (ചക്കിട്ടപ്പാറ)

### ടാലന്റ് ഫെസ്റ്റ് (ACC 13)

2022-2023 അധ്യയനവർഷത്തിൽ HCC II പൂർത്തിയാക്കിയ കുട്ടികൾക്കുള്ള ടാലന്റ് ഫെസ്റ്റ് 2023 മെയ് 27 ശനിയാഴ്ച രാവിലെ 9.00 മണി മുതൽ 4.00 മണി വരെ താമരശ്ശേരി MMPC ഓഡിറ്റോറിയത്തിൽ വച്ച് നടക്കുന്നതാണ്. എല്ലാ ഇടവകയിൽ നിന്നും നേതൃത്വവാസനയുള്ള ഒരാൺകുട്ടിയെയും ഒരു പെൺകുട്ടിയെയും പ്രോഗ്രാമിലേക്ക് പറഞ്ഞയയ്ക്കേണ്ടതാണ്.

### പ്രതിഭാസംഗമം - 7-ാം ക്ലാസ്

2022-2023 അധ്യയന വർഷത്തിലെ ഏഴാം ക്ലാസിലെ കുട്ടികളുടെ പ്രതിഭാസംഗമം ഏപ്രിൽ 21, 22, 23 തിയതികളിൽ പി.എം.ഒ.സി യിൽ വച്ച് നടത്തി. 21-ന് വൈകുന്നേരം 04.00 മണിക്ക് ആരംഭിച്ച സംഗമം അഭിവന്ദ്യ പിതാവ് ഉത്ഘാടനം ചെയ്തു. രൂപതയിലെ 11 ഫൊറോനകളിൽ നിന്നുമായി 27 കുട്ടികൾ സംഗമത്തിൽ പങ്കെടുത്തു. അഭിനവ് ടോം സജി ഉറുമ്പിൽ (കൂടത്തായി), ഓസ്റ്റിൻ ദേവസ്യ തറയിൽ (കോടഞ്ചേരി), ഐറിൻ സെബാസ്റ്റ്യൻ പുളിക്കൽ (പാറോപ്പടി), ഐൻ ട്രീസ ചക്കുംമൂട്ടിൽ (പുല്ലൂരാംപാറ) എന്നിവർ മെയ് 16,17,18 തിയതികളിൽ കാക്കനാട് സീറോ മലബാർ സഭാകാര്യാലയത്തിൽ വച്ചു നടക്കുന്ന സഭാതലസംഗമത്തിലേക്കുള്ള രൂപതാ പ്രതിഭകളായി തെരഞ്ഞെടുക്കപ്പെട്ടു. സമാപന സമ്മേളനത്തിൽ വച്ച് മോൺ ജോൺ ഒറവുങ്കര പ്രതിഭകൾക്കുള്ള അവാർഡുകളും സർട്ടിഫിക്കറ്റും വിതരണം ചെയ്തു. മി. ജേക്കബ് കോച്ചേരി, മി. ബോണി ആനത്താനത്ത്, മി. സണ്ണി കോക്കാപ്പിള്ളിൽ, സി. ആൻമേരി SABS എന്നിവർ പ്രോഗ്രാമിന് നേതൃത്വം നൽകി.

## 2022 - 2023 ACC 13 (ഓൺലൈൻ പരീക്ഷയെ സംബന്ധിച്ച പൊതു നിർദേശങ്ങൾ)

➢ 2022 ജൂലൈ 3 ന് ആരംഭിച്ച ACC 13 ഓൺലൈൻ കോഴ്സിന്റെ പരീക്ഷ 2023 മെയ് 21 ഞായറാഴ്ച്ച, 8:45 PM മുതൽ 9:15 PM വരെ ആയിരിക്കും.

➢ ഓൺലൈൻ പരീക്ഷ ആയിരിക്കും (ഗൂഗിൾ ഫോം വഴി)

➢ പരീക്ഷയ്ക്ക് ആകെ 30 ചോദ്യങ്ങൾ ആയിരിക്കും (Objective type)

➢ തന്നിരിക്കുന്ന-PDF ഫയലിലുള്ള ചോദ്യാത്തരങ്ങളിൽ നിന്ന് 22 ചോദ്യങ്ങളും ബാക്കി 8 ചോദ്യങ്ങൾ സഭാസംബന്ധമായ പൊതു ചോദ്യങ്ങളും ആയിരിക്കും. (PDF ഫയലിലുള്ള ചോദ്യാത്തരങ്ങൾ ഈ വർഷത്തെ 18 പഠനവിഷയങ്ങളിൽ നിന്നുള്ള ചോദ്യങ്ങളാണ്)

➢ ACC 13, 2022 ബാച്ച് രൂപതാതല പരീക്ഷയിൽ ഒന്നും, രണ്ടും, മൂന്നും സ്ഥാനം ലഭിക്കുന്നവർക്ക് RS 5000/-, RS 3500/-, RS 2000/- എന്നീ ക്രമപ്രകാരം ക്യാഷ് അവാർഡുകളും, മെമെന്റോയും നൽകുന്ന താണ്.

➢ 2022 ACC കോഴ്സിൽ രജിസ്റ്റർ ചെയ്ത രൂപതയിലെ എല്ലാ കുട്ടികളും ഈ പരീക്ഷയിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

➢ ഈ ഓൺലൈൻ പരീക്ഷയിൽ പങ്കെടുത്ത് വിജയിച്ചവർക്ക് മാത്രമാണ് ACC 14-ലേക്ക് പ്രവേശനം ഉള്ളത്. (PASS MARK 12/30)

➢ മൂന്നുവർഷത്തെ ACC കോഴ്സ് പൂർത്തിയാക്കുമ്പോൾ (ACC 13, 14,15) കോഴ്സ് പൂർത്തിയാക്കിയ എല്ലാവർക്കും രൂപതതല സർ ട്ടിഫിക്കറ്റുകൾ നൽകുന്നതാണ്. ഈ സർട്ടിഫിക്കറ്റുകൾ ഇടവക, രൂപത, സഭാതല, സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനങ്ങളിലും, സഭാ സംബന്ധമായ മറ്റു കാര്യങ്ങളിലും പ്രാധാന്യമുള്ളതായിരിക്കും.

### രൂപതാ മതബോധന കമ്മറ്റി

2022-2023 അധ്യയന വർഷത്തെ അവസാനത്തെ രൂപതാ മതബോധന കമ്മറ്റി 2023 മെയ് 22 തിങ്കളാഴ്ച രൂപതാ ഭവനിൽ വച്ച് ഉച്ചകഴിഞ്ഞ് 2.00 മണിക്ക് അഭിവന്ദ്യ പിതാവിന്റെ അധ്യക്ഷതയിൽ കൂടുന്നതാണ്. നാളിതുവരെയുള്ള മതബോധന പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഭാവി പരിപാടികളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനുമാണ് നാം ഒരുമിച്ചു കൂടുന്നത്.

### മതാധ്യാപകരുടെ ഇടവകതല ഒരുക്ക ആരാധന

2023-2024 അധ്യയന വർഷാരംഭത്തിനു മുന്നോടിയായി മെയ് 28 ഞായറാഴ്ച ഇടവകകളിൽ മതാധ്യാപകർ ഒരുമിച്ചുകൂടി ആരാധന നടത്തേണ്ടതാണ്.

**1 മുതൽ 12-ാം ക്ലാസ് വരെ മുടങ്ങാതെ വിശ്വാസപരിശീലന ക്ലാസിൽ സംബന്ധിച്ച കുട്ടികൾ**

1. ഡെന്നാ മരിയ ചെമ്പരത്തിക്കൽ - കാളികാവ്
2. അലിറ്റ് കുര്യാക്കോസ് പുത്തൻപുരയ്ക്കൽ - തിരുവമ്പാടി
3. ആൻ മരിയ ജോയ് മേലേട്ട് - കുളിരാമുട്ടി
4. അലന്റാ മാത്യു ചെട്ടിപ്പറമ്പിൽ - കട്ടിപ്പാറ
5. സോന ലാലു കട്ടക്കയത്തിൽ - കരിങ്ങാട്
6. ഡെല്ല മനോജ് തെങ്ങുംപള്ളിൽ - ചക്കിട്ടപ്പാറ
7. ക്രിസ്റ്റ ആൻ മാനുവൽ കുമ്മായത്തൊട്ടിയിൽ - വേനപ്പാറ
8. അമൽ മാത്യു കറുകമാലിൽ - മരുതോങ്കര
9. ആറ്റ്ലിൻ ബിനോയ് നെടുങ്ങാട്ട് - തോട്ടുമുക്കം
10. തോമസ് കെ. ജോർജ് കേവള്ളിൽ - തോട്ടുമുക്കം

**വിശ്വാസപരിശീലന രംഗത്ത് 25 വർഷം പൂർത്തിയാക്കുന്ന മതാധ്യാപകർ**

1. EP ജോസഫ് ഇരട്ടമാക്കിൽ - ഈസ്റ്റ് ഹിൽ
2. സെബാസ്റ്റ്യൻ മറ്റക്കാട്ട് - കുന്ദമംഗലം
3. അബ്രാഹം മണലോടി - കരിയാത്തുംപാറ
4. ജിമ്മി തടത്തിൽ - മരുതോങ്കര
5. ജിമ്മി ഇരുവേലിക്കുന്നേൽ - കൂടരഞ്ഞി
6. ജോസഫ് മൂക്കിലിക്കാട്ട് - കൂടരഞ്ഞി
7. മനോജ് മറ്റപ്പള്ളിൽ - പൂതംപാറ
8. മനോജ് നീർവേലിൽ - നൂറാംതോട്
9. ഷാജി മടിക്കിയാങ്കൽ - ചക്കിട്ടപ്പാറ
10. തോമസ് തളികപ്പറമ്പിൽ - പി.ടി. ചാക്കോ നഗർ
11. ലിസമ്മ അതിരകുളങ്ങര - പന്തല്ലൂർ
12. ജെസി പൈമ്പള്ളിൽ - കുളിരാമുട്ടി
13. സി. ജാൻസി മരിയ FCC - പേരാമ്പ്ര
14. സി. ടെസി SH - കല്ലുരുട്ടി
15. സി. അൽഫോൻസ FMA þ കുന്ദമംഗലം
16. ഷാജി ജോസ് കിഴക്കേക്കുന്നേൽ - പുതുപ്പാടി
17. സജി തോമസ് പഴയവീട്ടിൽ - ആനക്കാംപൊയിൽ

### മീഡിയ കാറ്റക്കേസിസ്

കൂരാച്ചുണ്ട്, ചെമ്പുകടവ്, കക്കാടംപൊയിൽ ഇടവകകളുടെ വിശ്വാസോത്സവം കാറ്റക്കിസം യുട്യൂബ് ചാനലിൽ സംപ്രേക്ഷണം ചെയ്തു.

ഏപ്രിൽ 14-ന് താമരശ്ശേരി കത്തീഡ്രൽ പാരിഷ്ഹാളിൽ വച്ചുനടന്ന ടാലന്റ് ഫെസ്റ്റ് കാറ്റക്കിസം യുട്യൂബ് ചാനലിൽ സംപ്രേക്ഷണം ചെയ്തു.

### ഡയറക്ടറച്ചന്റെ സന്ദർശനം

തോട്ടുമുക്കം, പെരുവണ്ണാമൂഴി ഇടവകകളിൽ സന്ദർശനം നടത്തി വിശ്വാസപരിശീലന പ്രവർത്തനങ്ങൾ വിലയിരുത്തി.

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, വിശ്വാസപരിശീലനം



# ലിറ്റർജി കമ്മീഷൻ

**മർഗാനീസ ക്ലാസ് രണ്ടാം ഭാഗം**

വിശുദ്ധ കുർബാനയാകുന്ന മഹാരഹസ്യത്തെക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കാൻ വിശ്വാസികളെ സഹായിക്കുന്ന ഓൺലൈൻ പഠന പരമ്പരയായ മർഗാനീസയുടെ രണ്ടാം ഭാഗം ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു. ഫെബ്രുവരി 24 വെള്ളിയാഴ്ചയാണ് രണ്ടാംഘട്ട ക്ലാസ്സ് ആരംഭിച്ചത്. ഇനിമുതൽ എല്ലാ മാസത്തേയും രണ്ടാമത്തെയും നാലാമത്തെയും ശനിയാഴ്ചയാണ് ക്ലാസ്.

മാർച്ച് 25 ശനിയാഴ്ച വൈകിട്ട് 8.30 മുതൽ 9.30 വരെ സൂം മീറ്റിലൂടെ നടന്ന ക്ലാസിന് താമരശ്ശേരി രൂപത ലിറ്റർജി കമ്മീഷൻ അംഗവും പ്രസിദ്ധ വാഗ്മിയുമായ ജോൺസൺ പൂവത്തിങ്കൽ സാറാണ്നേതൃത്വം നൽകിയത്. 'തിരുസഭയിലെ റീത്തുകൾ: വൈവിധ്യവും സമ്പന്നതയും' എന്നതായിരുന്നു വിഷയം. ഈസ്റ്റർ പ്രമാണിച്ച് ഏപ്രിൽ മാസത്തെ രണ്ടാമത്തെ ശനിയാഴ്ച ക്ലാസ് ഉണ്ടായിരുന്നില്ല. ഏപ്രിൽ 29 ശനിയാഴ്ചത്തെ ക്ലാസും ജോൺസൺ പൂവത്തിങ്കൽ സാറാണ് നയിച്ചത്. 'ഐക്കണുകൾ: പൗരസ്ത്യ സഭകളുടെ ആധ്യാത്മിക സമ്പത്ത്' എന്നതായിരുന്നു വിഷയം. അമ്പതോളം വ്യക്തികൾ സൂം മീറ്റിലൂടെ ഈ ക്ലാസ്സുകളിൽ സംബന്ധിച്ചു.

ഈ ക്ലാസുകൾ നടത്താൻ ആവശ്യമായ എല്ലാ സാങ്കേതിക സഹായങ്ങളും നൽകിയ പോപ്പ് ജോൺപോൾ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ബഹു. കുര്യൻ പുരമഠത്തിലച്ചന് പ്രത്യേകം നന്ദി അർപ്പിക്കുന്നു.

ആരാധനക്രമം എന്ന വാക്കു കൊണ്ട് ഉദ്ദേശിക്കുന്നത് വിശുദ്ധ കുർബാന, ആരാധനാവത്സരം, യാമ പ്രാർത്ഥനകൾ, കൂദാശകൾ, കൂദാശാനുകരണങ്ങൾ എന്നിവയാണല്ലോ. വിശുദ്ധ കുർബാനയുമായി ബന്ധപ്പെടുത്തി ഇവ ഓരോന്നിനെയും കുറിച്ച് കൂടുതൽ മനസ്സിലാക്കുകയും വിശുദ്ധ കുർബാനയ്ക്ക് ഇവയുമായുള്ള ബന്ധത്തെക്കുറിച്ച് ആഴത്തിൽ പഠിക്കുകയും ചെയ്യുക എന്നതാണ് മർഗാനീസയുടെ രണ്ടാം ഭാഗത്ത് ലക്ഷ്യം വെയ്ക്കുന്നത്.

ബഹു. അച്ചന്മാർ ഈ ക്ലാസുകളിൽ സംബന്ധിക്കാൻ ഇടവകാംഗങ്ങളെ പ്രോത്സാഹിപ്പിക്കുകയും ഇതുമായി ബന്ധപ്പെട്ട് അയച്ചുതരുന്ന പോസ്റ്ററുകൾ ഇടവക വാട്സ്ആപ്പ് കൂട്ടായ്മകളിൽ ഷെയർചെയ്യുകയും ചെയ്യുമല്ലോ.

**ഫാ. ജോസഫ് കളത്തിൽ**
കൺവീനർ, ലിറ്റർജി കമ്മീഷൻ

# ആദരാഞ്ജലികൾ



## സി. മേഴ്സി MSMI

1938 ജനുവരി 16 ന് തൃശ്ശൂർ അരിപ്പാലം ഇടവകയിൽ ചക്കാലമറ്റം കുഞ്ഞിപ്പാലു - അന്നക്കുട്ടി ദമ്പതികളുടെ നാല് മക്കളിൽ ഒരുവളായി ജനിച്ച സി. മേഴ്സി ഇരിങ്ങാലക്കുട ലിറ്റിൽ ഫ്ളവർ സ്കൂളിൽ നിന്നും സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം ബാംഗ്ലൂർ സെന്റ് മർത്താസിൽ ചേർന്ന് നഴ്സിംഗ് പഠനം പൂർത്തിയാക്കി. തന്റെ വിളി സന്യാസ സമർപ്പണമാണെന്നു തിരിച്ചറിഞ്ഞ സിസ്റ്റർ, ഇരുപത്തഞ്ചാം വയസ്സിൽ എം.എസ്.എം.ഐ സഭാ സമൂഹത്തിൽ പ്രവേശനം നേടി. തുടർന്ന് 1965 മെയ് 03 ന് ആദ്യവ്രത വാഗ്ദാനവും, 1970 മെയ് 4 ന് നിത്യവ്രത വാഗ്ദാനവും ചെയ്തു. കേരള, ആന്ധ്രാപ്രദേശ്, കർണാടക, തമിഴ്നാട്, മഹാരാഷ്ട്ര എന്നിവിടങ്ങളിലായി നാല്പതു വർഷം ആതുരസേവന രംഗത്തു നിലയുറപ്പിച്ച സി. മേഴ്സി, പ്രായാധിക്യത്തിന്റെ ബുദ്ധിമുട്ടുകൾ മൂലം ഏകദേശം ഒന്നര വർഷത്തോളമായി തീർത്തും അവശയായിരുന്നു. വി. കുർബാനയുടെയും പ്രാർത്ഥനയുടെയും പ്രേഷിതയായിരുന്ന ആ ജീവിതം 29.03.2023 ന് തന്റെ ആത്മനാഥന്റെയടുക്കലേക്ക് നിത്യമായി പുറപ്പെട്ടു. 30-ാം തീയതി ഗദ്സെമനി കോൺവെന്റ് ചാപ്പലിൽ വച്ച് നടന്ന മൃതസംസ്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനയിൽ പിതാവ് കാർമ്മികത്വം വഹിച്ചു. സി. മേഴ്സിയുടെ ആത്മാവിന് നിത്യശാന്തി നേരുന്നു.



# പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

കോഴിക്കോട് മേരിക്കുന്ന് ആസ്ഥനമായി പ്രവർത്തിക്കുന്ന പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് ആന്റ് സൈക്കോതെറാപ്പിയിൽ ഓഫ് ലൈനായും ഓൺലൈനായും കൗൺസിലിലിംഗും ക്ലാസ്സുകളും നടക്കുന്നു.

കൗൺസിലിംഗ് രംഗത്തേക്ക് പുതു തലമുറയെ വാർത്തെടുകേക്കുന്നതിനായി, രാജസ്ഥാനിലെ സിംഗാനിയ യൂണിവേഴ്സ്റ്റിയുമായി ചേർന്ന് കൗൺസിലിംഗ് സൈക്കോളയിൽ എം,എസ്,സി, ഓഫ്ലൈൻ / ഓൺലൈൻ കോഴ്സുകൾ ഈ ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്നു.

എം.എസ്.സി കൗൺസിലിംഗ് സൈക്കോളജി (1st Year)

എം.എസ്.സി കൗൺസിലിംഗ് സൈക്കോളജി (IInd year)

എന്നീ കോഴ്സുകളുടെ പരീക്ഷകൾ ഇപ്പോൾ ഇവിടെ നടന്നുകൊണ്ടിരിക്കുന്നു.

എം.എസ്.സി. കൗൺസിലിംഗ് സൈക്കോളജി 2023-25 ബാച്ചിന്റെ രജിസ്ട്രേഷൻ തുടരുന്നു.

കൗൺസിലിംഗ് ആവശ്യമുള്ളവരും കൗൺസിലിംഗ് കോഴ്സ് പഠിക്കാൻ താല്പര്യമുള്ളവരും ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്, ഫോൺ: 9496575018, 9037379180.

**ഫാ. കുര്യൻ പുരമഠത്തിൽ**
ഡയറക്ടർ, പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

# മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

## പ്രോ-ലൈഫ് വാർഷിക സമ്മേളനം തിരുവമ്പാടിയിൽ നടത്തി

താമരശ്ശേരി രൂപത മരിയൻ പ്രോ-ലൈഫ് മൂവ്മെന്റിന്റെ വാർഷിക സമ്മേളനം തിരുവമ്പാടി പള്ളി ഓഡിറ്റോറിയത്തിൽ നടത്തി. രൂപത പ്രസിഡന്റ് സജീവ് പുരയിടത്തിൽ അധ്യക്ഷനായിരുന്നു. രൂപത ഡയറക്ടർ ഫാദർ ജോസ് പെണ്ണാപറമ്പിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു രൂപത ആനിമേറ്റർ സിസ്റ്റർ മെറിൻ ജോസ് എസ്എച്ച് കെസിബിസി പ്രോ-ലൈഫ് സമിതി ട്രഷറർ ടോമി പ്ലാത്തോട്ടത്തിൽ താമരശ്ശേരി രൂപത സെക്രട്ടറി ജോൺസൺ തെങ്ങുംതോട്ടത്തിൽ വൈസ് പ്രസിഡണ്ടുമാരായ ഡോക്ടർ ബെസ്റ്റി ജോസ്, എമ്മാനുവൽ പുതുപ്പള്ളിതകിടിയൽ മറ്റ് എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ പ്രസംഗിച്ചു. യോഗത്തിൽ 2021-22 വർഷത്തെ വരവ് ചിലവ് കണക്കുകൾ വായിക്കുകയും യോഗം അംഗീകരിക്കുകയും ചെയ്തു. വാർഷിക റിപ്പോർട്ട് സെക്രട്ടറി ജോൺസൺ തെങ്ങുംതോട്ടത്തിൽ അവതരിപ്പിച്ചു. പ്രോ-ലൈഫ് ദിനമായ മാർച്ച് 25ന് തിരുവമ്പാടിയിൽ വച്ച്ചേർന്ന കുടുംബ സംഗമത്തെ വിലയിരുത്തുകയും സംഘടിപ്പിക്കാൻ നേതൃത്വം നൽകിയവരെ അഭിനന്ദിക്കുകയും ചെയ്തു.പ്രോ-ലൈഫ് യൂത്ത് വിങ്ങിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ഭാവി പരിപാടികൾ ആസൂത്രണം ചെയ്തു. കൂടാതെ പ്രോ-ലൈഫിന്റെ ആഭിമുഖ്യത്തിൽ തുടങ്ങുന്ന 'ജിയന്ന പ്രോ-ലൈഫ് ചാരിറ്റബിൾ ട്രസ്റ്റി'ന്റെ പ്രവർത്തനങ്ങൾ യോഗം വിലയിരുത്തി. മീറ്റിംഗിൽ 25 ഓളം പ്രവർത്തകർ പങ്കെടുത്തു.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

# സ്നേഹസ്മരണയ്ക്ക്

റവ. ഫാ. ജേക്കബ് പുത്തൻപുര
12.05.2020

റവ. ഫാ. ജോസഫ് മാമ്പുഴ
13-05-2007

റവ. ഫാ. സെബാസ്റ്റ്യൻ ഇളംതുരുത്തിൽ
16-05-2019









റവ. ഫാ. ഫിലിപ്പ് മുറിഞ്ഞകല്ലേൽ
25-05-2003



റവ. ഫാ. ജോർജ്ജ് താമരശ്ശേരി
26-05-2008

# ഇൻഫാം

## കാട്ടുപന്നി ആക്രമണത്തിൽ പരിക്കേറ്റയാളെ ഇൻഫാം ഭാരവാഹികൾ സന്ദർശിച്ചു.

പുന്നക്കൽ : താമരശ്ശേരി രൂപത കാർഷിക ജില്ല ഭാരവാഹികൾ പുന്നക്കലിൽ കാട്ടുപന്നി ആക്രമണത്തിൽ സാരമായി പരിക്ക് പറ്റി മുക്കം കെഎംസിടി ആസ്പത്രിയിൽ തീവ്ര പരിചരണ വിഭാഗത്തിൽ കഴിയുന്ന ബെന്നി ചീങ്കല്ലേലിന്റെ കുടുംബത്തെ സന്ദർശിക്കുകയും സാമ്പത്തിക സഹായം നൽകുകയും ചെയ്തു . ഒരു കുടുംബത്തിന്റെ നെടുംതൂണായ കർഷകന്റെ ജീവൻ ഭാഗ്യം കൊണ്ടു മാത്രമാണ് രക്ഷപ്പെട്ടത്. വർദ്ധിച്ചുവരുന്ന കാട്ടുപന്നി ആക്രമണത്തിനെതിരെ സർക്കാരിന്റെ ഭാഗത്തുനിന്ന് നിരുത്തരവാദിത്തപരമായ സമീപനമാണ് ദിവസവും സ്വീകരിച്ചുവരുന്നത് കാട്ടുമൃഗങ്ങളുടെ ആക്രമണത്തിന്റെ നൂറുകണക്കിന് സംഭവങ്ങൾ ദിവസവും ഉണ്ടാകുന്നുണ്ടെങ്കിലും പ്രശ്നത്തിന് ശാശ്വതമായ പരിഹാരം കണ്ടെത്തുന്നതിനോ കർഷകരെ സഹായിക്കുന്നതിനോ ഒരു ചെറുവിരൽ പോലും സർക്കാർ അനക്കുന്നില്ലെന്ന് ബെന്നിയെ സന്ദർശിച്ച ഇൻഫാം ഭാരവാഹികൾ അഭിപ്രായപ്പെട്ടു. ഇൻഫാം താമരശ്ശേരി കാർഷിക ജില്ല പ്രസിഡണ്ട് ശ്രീ. അഗസ്റ്റിൻ പുളിക്കകണ്ടത്തിൽ ട്രഷറർ ബ്രോണി നമ്പ്യാപറമ്പിൽ എന്നിവർ ബെന്നിയുടെ കുടുംബത്തിന് സാമ്പത്തിക സഹായം കൈമാറി.

## ഇൻഫാം താമരശ്ശേരി കാർഷിക ജില്ല എക്സിക്യൂട്ടീവ് മീറ്റിംഗ്

താമരശ്ശേരി ഇൻഫാം താമരശ്ശേരി കാർഷിക ജില്ല എക്സിക്യൂട്ടീവ് മീറ്റിംഗ് രൂപത പ്രസിഡൻറ് ശ്രീ. അഗസ്റ്റിൻ പുളിക്കണ്ടത്തിൽ അധ്യക്ഷതയിൽ ചേർന്നു. കാർഷിക ജില്ല ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. രൂപതാ സെക്രട്ടറി ജോൺ കുന്നത്തേട്ട് വർക്കിംഗ് സെക്രട്ടറി മാർട്ടിൻ തെങ്ങിൻതോട്ടത്തിൽ ട്രഷറർ ബ്രോണി നമ്പ്യാപറമ്പിൽ എന്നിവർ പ്രസംഗിച്ചു. കാർഷിക ജില്ലയിലെ വിവിധ താലൂക്ക് പ്രസിണ്ടുമാർ എന്നിവരടക്കം 16 പേരാണ് മീറ്റിംഗ് പങ്കെടുത്തത്. ഇൻഫാമിന്റെ ആഭിമുഖ്യത്തിൽ തെയ്യപ്പാറയിൽ ആരംഭിക്കുന്ന കാർഷിക നേഴ്സറിയെക്കുറിച്ചും ഫാം ടൂറിസത്തെക്കുറിച്ചും യോഗത്തിൽ തീരുമാനങ്ങൾ ഉണ്ടായി. കൂടാതെ, ഇൻഫാമിന് അനുവദിച്ചുകിട്ടിയ കാർഷിക സൊസൈറ്റിയെ കുറിച്ചും വിശദമായ ചർച്ചകൾ നടന്നു.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, ഇൻഫാം

# കെ.സി.വൈ.എം.
# എസ്.എം.വൈ.എം

## Y-ടോക്ക് - ഒരു 33 കാരന്റെ അരുൾ

50 നോമ്പ് കാലത്ത് യുവജനങ്ങളുടെ മനസ്സറിയുന്ന തരത്തിൽ വിവിധ ചിന്തകളുമായി 30 സെക്കൻഡ് സ്റ്റാറ്റസ് വീഡിയോ Y- TALK 50 ദിവസങ്ങളിൽ പ്രസിദ്ധീകരിച്ചു. നേതൃത്വം നൽകിയ അലീന സോജൻ റിച്ചാർഡ് ജോൺ എന്നിവർക്കും വോയിസ് നൽകി സഹായിച്ച അരുൺ ജോഷി, അലന്റ അബ്രഹാം എന്നിവർക്കും മറ്റ് സഹായങ്ങൾ നൽകിയവർക്കും ഹൃദയപൂർവം നന്ദി.

## നോമ്പുകാല കുരിശിന്റെ വഴികൾ

### 1. പാറോപ്പടി മേഖലയുടെ നേതൃത്വത്തിൽ

കോഴിക്കോട് ചേവായൂർ നിത്യസഹായമാതാ ദൈവാലയത്തിൽ നിന്നും ദേവഗിരി സെന്റ് ജോസഫ് പള്ളിയിലേക്ക് ഏപ്രിൽ 1 ന് ടൗൺ കുരിശിന്റെ വഴി സംഘടിപ്പിച്ചു. ഫാ. ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ സന്ദേശം നൽകി. മേഖലയിലെ 14 ഇടവകകളിൽ നിന്നുള്ള യുവജനങ്ങൾ കുരിശിന്റെ വഴിക്ക് നേതൃത്വം നൽകി, ഓരോ സ്ഥലങ്ങൾ ഏറ്റെടുത്ത് പ്രാർത്ഥനക്ക് നേതൃത്വം നൽകി. മേഖല ഡയറക്ടർ ഫാ. ആൽബിൻ സ്രാമ്പിക്കൽ, മേഖലാ മുൻ ഡയറക്ടർ ഫാ. സായി പാറൻകുളങ്ങര, മേഖല അനിമേറ്റർ സി. നൈസി സി എം സി, മേഖലാ പ്രസിഡണ്ട് ശ്രീ. അബിൻ, സെക്രട്ടറി ശ്രീ. ബെൻ എന്നിവർ നേതൃത്വം നൽകി.

### 2. തിരുവമ്പാടി മേഖലയുടെ നേതൃത്വത്തിൽ

ആനക്കാംപൊയിൽ മരിയൻ സ്കൂളിൽ നിന്നും ആരംഭിച്ച്ചെറുശ്ശേരി മലയിലേക്ക് കുരിശിന്റെ വഴി നടത്തി. മേഖല ഡയറക്ടർ ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ, മേഖല പ്രസിഡണ്ട് അജിത്ത്, ഫാ. ജസ്റ്റിൻ തുറവയ്ക്കൽ, മേഖല അനിമേറ്റർ സി. ലിൻസ് മരിയ, മേഖലാസമിതി അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

## ഹോളി കാരവൻ തിരുശേഷിപ്പ് പ്രയാണം പുനരാരംഭിച്ചു

ഈസ്റ്ററിന് ശേഷം ഏപ്രിൽ മാസം പത്താം തീയതി ഹോളി കാരവൻ തിരുശേഷിപ്പ് പ്രയാണം മുതുകാട് ഇടവകയിൽ നിന്നും പുനരാരംഭിച്ചു. കൂരാച്ചുണ്ട് മേഖലയുടെ നേതൃത്വത്തിൽ കൂരാച്ചുണ്ട് സെന്റ് തോമസ് ദേവാലയത്തിൽ നിന്നും മുതുകാട് വരെ വലിയ സ്വീകരണത്തോടെയാണ് തിരുശേഷിപ്പ് മുതുകാട് ഇടവകയിലേക്ക് എത്തിച്ചത്. തുടർന്ന് പെരുവണ്ണാമുഴി, ചക്കിട്ടപ്പാറ, ന

രിനട, കുളത്തുവയൽ, പേരാമ്പ്ര, കരികണ്ടൻപാറ, കാറ്റുള്ളമല, പാത്തിപ്പാറ, കൂരാച്ചുണ്ട്, കല്ലാനോട്, കക്കയം, കരിയാത്തുംപാറ എന്നിങ്ങനെ മേഖലയിലെ മുഴുവൻ ദേവാലയങ്ങളിലൂടെയും തിരുശേഷിപ്പ് പ്രയാണം പൂർത്തിയാക്കി. എല്ലാ സഹകരണങ്ങളും നൽകുന്ന പ്രിയമുള്ള വികാരിയച്ചൻമാർക്കും മേഖല ഡയറക്ടർ ഫാ. കുര്യാക്കോസ് കൊച്ചു കൈപ്പയിൽ അച്ചനും ഹൃദയപൂർവം നന്ദി. മേഖലാ പ്രസിഡണ്ട് ശ്രീ. പ്രലിൽ, സെക്രട്ടറി അജയ്, രൂപത സമിതി അംഗങ്ങളായ അലന്റ്, അലീന, അലോണ, ജോയൽ ആന്റണി എന്നിവർക്കും സഹായങ്ങൾ നൽകിയ റിൻസ്, പ്രവീൺ, അതുല്യ, ജോയൽ കുര്യൻ, അക്സ എന്നിവർക്കും ഹൃദയപൂർവം നന്ദി.

### അവീവ് 2k23 യുവജന കൺവെൻഷൻ

എം എസ് എം ഐ ഗത്സമെനി ധ്യാനകേന്ദ്രത്തിന്റെ നേതൃത്വത്തിൽ കെസിവൈഎം ഉം ചേർന്ന് നടത്തിയ യുവജന കൺവെൻഷനിൽ മുന്നൂറോളം യുവജനങ്ങൾ പങ്കെടുത്തു. നാല് ദിവസത്തെ യുവജന കൺവെൻഷനിൽ വാളണ്ടിയേർസായി സേവനം ചെയ്ത പാറോപ്പടി മേഖലയിലെ എല്ലാ യുവജനങ്ങൾക്കും മേഖലാ ഡയറക്ടർ ഫാ. ആൽബിൻ സ്രാമ്പിക്കൽ, പ്രസിഡണ്ട് ശ്രീ. അബിൻ, രൂപത പ്രസിഡണ്ട് ശ്രീ. അഭിലാഷ് കുടിപ്പാറ, ആഷ്ലി, ആഗി, അലീന സോജൻ എന്നിവർക്കും നന്ദി.

### Lead ലീഡേഴ്സ് ട്രെയിനിങ് പ്രോഗ്രാം

ഏപ്രിൽ മാസം 13, 14 തീയതികളിൽ കൈതപ്പൊയിൽ ലിസകോളേജിൽ വച്ച് യൂണിറ്റ് ഭാരവാഹികൾക്കായി ലീഡർഷിപ് ട്രെയിനിങ് പ്രോഗ്രാം നടത്തി . 152 യുവജനങ്ങൾ പങ്കെടുത്തു. പ്രൊഫസർ ഷൈജു അതിരംപുഴ, ഫാ. ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ, ഫാ. സബിൻ തൂമുള്ളിൽ, ഫാ. ജിതിൻ ഒ. എഫ്. എം. കപ്പുച്ചിൻ എന്നിവർ സെക്ഷനുകൾക്ക് നേതൃത്വം നൽകി. രൂപത വികാരി ജനറാൾ മോൺ. ജോൺ ഒറവുംകര പരിപാടി ഉദ്ഘാടനം ചെയ്തു. ലീഡർഷിപ്പ് ട്രെയിനിങ്, പ്രസംഗ പരിശീലനം, മെഡിറ്റേഷൻ, സംഗീതനിശ, ഭാരവാഹിക സംഗമം, കെസിവൈഎം ദൗത്യം പാനൽ ഡിസ്കഷൻ, ജപമാല റാലി തുടങ്ങിയ നിരവധി സെഷനുകൾ ഉൾച്ചേർന്നതായിരുന്നു പരിപാടി. എല്ലാ സഹായങ്ങളും നൽകിയ ലിസ കോളേജ് പ്രിൻസിപ്പൽ ഫാ. നൈജുവിനും മറ്റുള്ളവർക്കും നന്ദി. സംസ്ഥാന സമിതി നേതാക്കളായ ശ്രീമതി ഗ്രാലിയ, ശ്രീമതി ലിനറ്റ് എന്നിവർ പങ്കെടുത്തു.

### മാർ മങ്കുഴിക്കരി മെമ്മോറിയൽ വോളിബോൾ ടൂർണ്ണമെന്റ്

ഏപ്രിൽ മാസം 15, 16 തീയതികളിലായി വെറ്റിലപ്പാറ മാർ ചിറ്റിലപ്പള്ളി

ഫ്‌ളഡ് ലിറ്റ് സ്‌റ്റേഡിയത്തിൽ വച്ച് താമരശ്ശേരി രൂപതയുടെ പ്രഥമ മെത്രാൻമാർ മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവിന്റെ സ്മരണാർത്ഥം രണ്ടാമത് വോളിബോൾ ടൂർണ്ണമെന്റ് സംഘടിപ്പിച്ചു. താമരശ്ശേരി രൂപത അധ്യക്ഷൻ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ പരിപാടി ഉദ്ഘാടനം ചെയ്തു. 8 ടീമുകൾ തമ്മിൽ നടന്ന മത്സരത്തിൽ കല്ലുരുട്ടി കെസിവൈഎം ടീം വിജയികളായി. വെറ്റിലപ്പാറ എ ടീം റണ്ണേഴ്സ് അപ്പ് ആയി. മൂന്നാം സ്ഥാനം കക്കാടം പൊയിൽ ടീമും നാലാം സ്ഥലം വെറ്റിലപ്പാറ ബി ടീമും കരസ്ഥമാക്കി. വിജയികൾക്കും പങ്കെടുത്തവർക്കും അഭിനന്ദനങ്ങൾ. എല്ലാ സഹകരണങ്ങളും നൽകിയ തൊട്ടുമുക്കം മേഖല പ്രസിഡണ്ട് ശ്രീ. അലൻ ബിജു, സെക്രട്ടറി മൈക്കിൾ, ട്രഷറർ മെൽബിൻ എന്നിവർക്കും മേഖലാസമിതി അംഗങ്ങൾക്കും, സഹകരിച്ച രൂപത സമിതി അംഗങ്ങൾക്കും എല്ലാ ഒരുക്കങ്ങളും നടത്തി ക്രമീകരണങ്ങൾ നൽകിയ വെറ്റിലപാറ വികാരി ഫാ. ഡാൻറ്റിസ് കിഴക്കരക്കാട്ട്, ജനറൽ കൺവീനർ ശ്രീ. ബെന്നി ഇഞ്ചനാനിയിൽ, കമ്മറ്റി അംഗങ്ങളായ ശ്രീ. കുര്യൻ, ശ്രീ. തോമസ്, ശ്രീ. ജെയിൻ, ശ്രീ. ജോയി എന്നിവർക്കും ഹൃദയപൂർവം നന്ദി.

## Holy Fire പെന്തക്കുസ്താദിന പ്രാർത്ഥന യജ്ഞം

മെയ് 28 പെന്തക്കുസ്ത ദിനത്തിന് ഒരുക്കമായി ഒരു ലക്ഷം വിശ്വാസപ്രമാണങ്ങൾ ചൊല്ലി പൂർത്തിയാക്കുന്ന പ്രാർത്ഥന യജ്ഞത്തിന് തുടക്കമായി. 450 തോളം പേർ ഒന്നിച്ച് പ്രാർത്ഥിക്കുന്ന ഈ പരിപാടി യുവജന വിശുദ്ധീകരണം, സഭയുടെ നവീകരണം, ലോകസമാധാനം എന്നീ നിയോഗങ്ങൾക്കായിട്ടാണ് നടത്തുന്നത്. നിലവിൽ 75,000 ത്തോളം വിശ്വാസപ്രമാണങ്ങൾ പൂർത്തിയാക്കി.

## യൂത്ത് മിനിസ്ട്രി ഫോർമേഷൻ

പി.ഒ.സി.യിൽ വച്ച് ഏപ്രിൽ 25,26, 27 തീയതികളിൽ നടന്ന യൂത്ത് മിനിസ്ട്രി ഫോർമേഷൻ ക്യാമ്പിൽ രൂപതയിൽ നിന്നും ഫാ. സിജോ കോട്ടക്കൽ, സിസ്റ്റർ റോസീൻ എസ് എ ബി എസ്, ലിൻസ് മരിയ എസ് ഡി എന്നിവർ പങ്കെടുത്തു.

## യുവധർമ്മ 8-ാമത് മെഡിക്കൽ ക്യാമ്പ്

പുന്നക്കൽ ഇടവകയുടെ നേതൃത്വത്തിൽ യുവധർമ്മ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. നൂറോളം രോഗികൾ ചികിത്സ തേടി. സെന്റ് ജോസഫ് ഹോസ്പിറ്റൽ താമരശ്ശേരി രൂപത കെസിവൈഎം എസ് എം വൈ എമ്മിന്റെയും നേതൃത്വത്തിലാണ് ക്യാമ്പ് നടന്നു വരുന്ന ത്. നേതൃത്വം നൽകിയ ജനറൽ സെക്രട്ടറി ശ്രീ ജസ്റ്റിൻ, അഖിൽ, സിസ്റ്റർ റോസീൻ എന്നിവർക്ക് നന്ദി.

## മറ്റു പരിപാടികൾ

**1. ബ്ലഡ് ഡൊണേഷൻ ക്യാമ്പ് :** പുലൂരാംപാറ കെസിവൈഎം യൂണിറ്റിന്റെ നേതൃത്വത്തിൽ എം വി ആർ ഹോസ്പിറ്റലുമായി സഹകരിച്ച് ബ്ലഡ് ഡൊണേഷൻ ക്യാമ്പ് സംഘടിപ്പിച്ചു. അമ്പതോളം യൂണിറ്റ് ബ്ലഡ് നൽകി.

**2. ആത്മ 2023 :** പി ഒ സി യിൽ വച്ച് നടന്ന സംസ്ഥാനതല ഡയറക്ടേഴ്സ് മീറ്റിംഗിൽ രൂപതയിൽ നിന്നും ഫാ. ജോർജ്ജ് വെള്ളക്കാക്കുടിയിൽ, സി. റോസീൻ എസ് എ ബി എസ് എന്നിവർ പങ്കെടുത്തു.

**3. ഹോളി കാരവൻ പ്രയർ ഗ്രൂപ്പ് :** തിരുശേഷിപ്പ് പ്രായാണത്തിൽ ലഭിക്കുന്ന നിരവധി നിയോഗങ്ങൾക്കായി പ്രാർത്ഥിക്കാനായി 60 സിസ്റ്റേഴ്സ് ഉൾക്കൊള്ളുന്ന ഹോളികാരവൻ പ്രാർത്ഥന ഗ്രൂപ്പ് രൂപീകരിച്ച് നിയോഗങ്ങൾക്കായി പ്രാർത്ഥിച്ചു വരുന്നു.

## അഭിനന്ദനങ്ങൾ

കെസിവൈഎം സംസ്ഥാന തലത്തിൽ സീറോ മലബാർ സിൻഡിക്കേറ്റ് പ്രതിനിധിയായി തിരഞ്ഞെടുക്കപ്പെട്ട ഫാ. ജോർജ് വെള്ളയ്ക്കാകുടിക്ക് അഭിനന്ദനങ്ങൾ.

## അറിയിപ്പുകൾ

1. **തിരുശേഷിപ്പ് പ്രയാണം :** ഏപ്രിൽ 23 മുതൽ താമരശ്ശേരി ഫൊറോനയിലേക്ക് പ്രയാണം പ്രവേശിച്ചിരിക്കുന്നു. മെയ് മാസം കോടഞ്ചേരി, തിരുവമ്പാടി, ഫൊറോനകളിൽ തിരുശേഷിപ്പ് പ്രയാണം പൂർത്തിയാക്കുന്നതാണ്.
2. **അത്‌ലറ്റിക്കോസ് കായിക മത്സരങ്ങൾ :** ഫുട്ബോൾ, ക്രിക്കറ്റ്, ബാസ്ക്കറ്റ് ബോൾ, ഷട്ടിൽ മത്സരങ്ങളുടെ രൂപതല മത്സരങ്ങൾ മെയ് മാസം സംഘടിപ്പിക്കപ്പെടുന്നു.
3. രൂപത ഡയറക്ടേഴ്സ് അനിമേറ്റേഴ്സ് മീറ്റ് മെയ് മാസം നടത്തുന്നു.
4. ആർട്ട് കലാവൈഭവ ക്യാമ്പ് മെയ് മാസം സംഘടിപ്പിക്കുന്നു.

**ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ**
ഡയറക്ടർ, കെ.സി.വൈ.എം

# ഫാമിലി അപ്പോസ്തലേറ്റ്

**പ്രീകാന- കോഴ്സ്**

**മെയ് 11,12,13**

**ജൂൺ 8,9,10**

**ഫാമിലി അപ്പസ്തോലേറ്റ് ഫോൺ നമ്പർ - 8714031056; 0495-2731056**

**നവജീവൻ-ഹോംമിഷൻ:** രൂപതാതല ഹോംമിഷൻടീമിന്റെ ഒന്നാം ഘട്ട പരിശീലപദ്ധതി ഏപ്രിൽ 15, 16 തീയിതികളിൽ പി.എം.ഒ.സിയിൽ വച്ച് സംഘടിപ്പിച്ചു. മോൺ. ജോൺ ഒറവുങ്കര പ്രസ്തുത സെമിനാർ ഉദ്ഘാടനം ചെയ്തു. രണ്ടാംഘട്ട പരിശീലനപദ്ധതി ഏപ്രിൽ 30, മെയ് 1 തീയതികളിലാണ്. റൂബിജൂബിലിയോടനുബന്ധിച്ച് നവജീവൻ എല്ലാ ഇടവകകളിലും മൂന്നുവർഷത്തിനുള്ളിലായി സംഘടിപ്പിക്കുന്നു. ഈ വർഷം നടത്താൻ ആഗ്രഹിക്കുന്ന ഇടവകകൾ ഫാമിലി അപ്പസ്തോലേറ്റ് ഓഫീസുമായി ബന്ധപ്പെടുമല്ലോ.

**റവ. ഫാ. സെബാസ്റ്റ്യൻ കവളക്കാട്ട്**
ഡയറക്ടർ, ഫാമിലി അപ്പോസ്തലേറ്റ്

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

കോടഞ്ചേരി ഏരിയ കൗൺസിൽ സെമിനാർ മാർച്ച് 25-ാം തിയ്യതി ശനിയാഴ്ച ചെമ്പുകടവ് ഇടവക പള്ളി ഹാളിൽ വച്ച് നടത്തുകയുണ്ടായി. ബഹു. ഇടവക വികാരി ഫാ. ജോസ് വടക്കേടം ഉദ്ഘാടനം ചെയ്ത് അനുഗ്രഹപ്രഭാഷണം നടത്തി. ഓരോ വിൻസെൻ ഷൻ പ്രവർത്തനങ്ങളും യേശു കേന്ദ്രീകൃതമാക്കി ആരംഭിക്കുന്നതിനാലാണ് സമൂഹത്തിൽ സംഘടനയ്ക്കെന്നും മികച്ച പ്രവർത്തനങ്ങൾ നടത്തുവാൻ സാധിക്കുന്നത്. അതിനാൽ നാം എന്നും നന്ദിയുള്ളവരായിരിക്കുക. സി.സി പ്രസിഡന്റും എ.സി പ്രസിഡന്റും പങ്കെടുത്ത എ.സി സെമിനാറിൽ ഇരുന്നൂറ് അംഗങ്ങൾ പങ്കെടുത്തിരുന്നു. ഏപ്രിൽ ഒന്നാം തീയതി ദേവഗിരി ഹോസാന ഭവനിൽ സെൻട്രൽ കൗൺസിൽ ചേരുകയുണ്ടായി. സി.സി ബോർഡ് മെമ്പർമാരും എ.സി പ്രസിഡന്റുമാരും പങ്കെടുത്ത യോഗത്തിൽ സിസി

വാർഷികദിനം ആഗസ്റ്റ് 12 ന് ശനിയാഴ്ച തിരുവമ്പാടിയിൽ വച്ച് നടത്താൻ തീരുമാനിച്ചു.

ഒരു കോൺഫ്രൻസിൽ നിന്നും 2 പേർ വീതം രൂപതാ ദിനത്തിന് പങ്കെടുക്കണമെന്ന് എല്ലാവരെയും ഓർമ്മപ്പെടുത്തി. എല്ലാ കോൺഫ്രൻസിലും യുവജന വിഭാഗത്തിൽപ്പെട്ടവരെ 2 പേരെയെങ്കിലും പുതിയതായി എടുക്കണമെന്ന് സി.സി പ്രസിഡന്റ് എല്ലാവരെയും ഓർമ്മപ്പെടുത്തി.

വാർഷിക കണക്കുകൾ എത്രയും വേഗം റിപ്പോർട്ടിനോടൊപ്പം സി.സി യിൽ സമർപ്പിക്കാൻ യോഗം ആവശ്യപ്പെട്ടു.

**ബ്രദർ. തോമസ് പുലിക്കോട്ടിൽ**
CC പ്രസിഡന്റ്, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

## വികസനവേദി

### വനിതാ ദിനാഘോഷം

വെറ്റിലപ്പാറ ഗ്രാമ വികസന സമിതിയുടെ നേതൃത്വത്തിൽ 2023 മാർച്ച് 8 ന് വനിതാ ദിനാഘോഷവും സെമിനാറും നടത്തി. വെറ്റിലപ്പാറ YMCA ഹാളിൽ വച്ച് നടത്തിയ പരിപാടി സി.ഒ.ഡി. ഡയറക്ടർ ഫാ. ജോർജ് ചെമ്പരത്തിക്കൽ ഉദ്ഘാടനം ചെയ്തു . അരീക്കോട് സബ് ഇൻസ്പെക്ടർ ഹുസൈൻ ലഹരിയെക്കുറിച്ചു ക്ലാസ്സെടുത്തു. സി .ഒ.ഡി. പ്രോഗ്രാം കോ-ഓർഡിനേറ്റർ ജോയ് കെ.സി. ആശംസ അർപ്പിച്ചു. GVS പ്രസിഡന്റ് മേഴ്സി ജെയിംസ് അധ്യക്ഷത വഹിച്ചു. സി.ഒ.ഡി. ഏരിയ കോ-ഓർഡിനേറ്റർ ഷൈനി സിബി, എം.വി. എൽസി എന്നിവർ പ്രസംഗിച്ചു. സി.ഒ.ഡി. പ്രവർത്തകരായ മുതിർന്ന സ്ത്രീകളെ പൊന്നാട അണിയിച്ചു ആദരിച്ചു.

അങ്ങാടിപ്പുറം ഗ്രാമ വികസന സമിതിയുടെ നേതൃത്വത്തിൽ പരിയാപുരം ഫാത്തിമ മാതാ യു പി സ്കൂളിൽ വച്ച് വനിതാ ദിനാഘോഷവും സെമിനാറും നടത്തി. സി. ടിസി ക്ലാസ്സുകൾക്കു നേതൃത്വം നൽകി. സി.ഒ. ഡി. ഏരിയ കോ-ഓർഡിനേറ്റർ തങ്കമ്മ സേവ്യർ പ്രസംഗിച്ചു. ചിരട്ടമല ഗ്രാമ വികസന സമിതിയുടെ നേതൃത്വത്തിൽ 2023 മാർച്ച് 8 ന് ചിരട്ടമലപാരിഷ് ഹാളിൽ വച്ച് വനിതാ ദിനാഘോഷവും സെമിനാറും നടത്തി. സി .ഒ.ഡി. ഏരിയ കോഓർഡിനേറ്റർ തങ്കമ്മ സേവ്യർ അധ്യക്ഷത വഹിച്ചു. സി. സിൽവിയ വനിതാദിന സന്ദേശം നടത്തി. GVS സെക്രട്ടറി അനിത ആശംസ അർപ്പിച്ചു.

ആനക്കയം ഗ്രാമ വികസന സമിതിയുടെ നേതൃത്വത്തിൽ 2023 മാർച്ച് 8 ന് വനിതാ ദിനാഘോഷവും സെമിനാറും നടത്തി. നെന്മേനി ഇടവക വികാരി ഫാ. പ്രിൻസ് ക്ലാസ് എടുത്തു. സി.ഒ.ഡി. ഏരിയ കോ-ഓർഡിനേറ്റർ തങ്കമ്മ സേവ്യർ പ്രസംഗിച്ചു. കായണ്ണ ഗ്രാമ വികസന സമിതിയുടെ നേതൃത്വത്തിൽ 2023 മാർച്ച് 8 ന് കാറ്റുള്ള മലയിൽ വച്ച് വനിതാ ദിനാഘോഷവും കായിക മത്സര പരിപാടികളും നടത്തി. ഗ്രാമ വികസന സമിതി പ്രസിഡന്റ് സെലിൻ തോമസ് അധ്യക്ഷത വഹിച്ചു. സി.ഒ.ഡി. ഏരിയ കോ -ഓർഡിനേറ്റർ മോളി സെബാസ്റ്റ്യൻ പരിപാടി ഉദ്ഘാടനം ചെയ്തു. മത്സര വിജയി കൾക്ക് സമ്മാനവും നല്കി.

### ജലദിനാചരണം

കൂരാച്ചുണ്ട് ഗ്രാമ വികസന സമിതിയും, കക്കയം MCC യും ചേർന്ന് ജലദിനാ ചരണത്തിന്റെ ഭാഗമായി 2023 മാർച്ച് 22 ന് 30 മൈൽ പുഴയോരം മാലിന്യങ്ങൾ നീക്കി വൃത്തിയാക്കി. പരിപാടിയുടെ ഉദ്ഘാടന കർമ്മം കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തു വാ ർഡ് 4 മെമ്പർ ശ്രീമതി ഡാർലി അബ്രഹാം പുല്ലംകുന്നേൽ നിർവഹിച്ചു. സി.ഒ.ഡി. ഏ രിയ കോ-ഓർഡിനേറ്റർ മോളി സെബാസ്റ്റ്യൻ നേതൃത്വം നല്കി.

വെറ്റിലപ്പാറ ഗ്രാമ വികസന സമിതിയും, ഓടക്കയം MCC യും ചേർന്ന് ജ ലദിനാചരണത്തിന്റെ ഭാഗമായി 2023 മാർച്ച് 22 ന് 12 കുടുംബങ്ങൾ ഉപയോഗി ക്കുന്ന കുടിവെള്ള സ്രോതസ്സ് വൃത്തിയാക്കി. ഗ്രാമ വികസന സമിതിഭാരവാഹി കൾ MCC പ്രതിനിധികൾ, സി.ഒ.ഡി. ഏരിയ കോ-ഓർഡിനേറ്റർ ഷൈനി സി ബി എന്നിവർ പരിപാടിക്ക് നേതൃത്വം നല്കി.

### പാചക മത്സരം

പുതുപ്പാടി ഗ്രാമ വികസന സമിതിയുടെ നേതൃത്വത്തിൽ 2023 മാർച്ച് 17 ന് പുതുപ്പാടി ഗ്രാമ വികസന സമിതിയുടെ ഓഫീസിൽവച്ചു പാചക മത്സരം നട ത്തി. ഈ മത്സര പരിപാടിയിൽ 13 സ്വാശ്രയ സംഘങ്ങളിൽ നിന്നായി 23 പേർ പങ്കെടുത്തു. 42 ഇനം വിഭവങ്ങൾ തയ്യാറാക്കി. വർഷങ്ങൾക്കു മുൻപ് നമ്മുടെ ഭ ക്ഷണ മേശയിൽ സജീവമായിരുന്നതും, നിലവിൽ അപ്രത്യക്ഷമായതുമായ പല ഭക്ഷ്യ സാധനങ്ങളും തയ്യാറാക്കി. നിലവിൽ നമ്മുടെ ഭക്ഷണ രീതിയും അതു മൂലം ഉണ്ടാകാവുന്ന ആരോഗ്യപ്രശ്നങ്ങളും ചർച്ച ചെയ്തു. നമ്മുടെ പൂർവി കർ ആരോഗ്യത്തിനുവേണ്ടിയും, വിശപ്പ് അകറ്റുന്നതിന് വേണ്ടിയും തയ്യാറാക്കി യിരുന്ന പല വിഭവങ്ങളും പുതുതലമുറ അത്ഭുതത്തോടെ രുചിച്ചു നോക്കി. പന കുറുക്കിയതും, കപ്പ ചുട്ടതും, വറുത്തരച്ച കറികളും പലവിധ പലഹാരങ്ങ ളും മേളയ്ക്ക് കൊഴുപ്പു കൂട്ടി. സി.ഒ.ഡി. കോ-ഓർഡിനേറ്റർമാരായ ജോയ് കെ.സി, സിദ്ധാർഥ് എസ്. നാഥ് എന്നിവർ പരിപാടികളിൽ പങ്കെടുത്തു സംസാരിച്ചു. ഗ്രാമ വികസന സമിതി ഭാരവാഹികൾ, സി.ഒ.ഡി. ഏരിയ കോ-ഓർഡിനേറ്റർ ത്രേസിയാമ്മ തോമസ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി.

### പച്ച മരുന്ന് നിർമ്മാണം

തോട്ടുമുക്കം ഗ്രാമ വികസന സമിതിയുടെ നേതൃത്വത്തിൽ മുറിവെണ്ണ നിർമ്മാണ പരിശീലനം നടത്തി. പ്രാദേശികമായി ലഭിക്കുന്ന പച്ച മരുന്നുകളും, അവയുടെ ഔഷധ ഗുണങ്ങളും ക്ലാസ്സിൽ ചർച്ച ചെയ്തു. പരിപാടികൾക്ക് സി.ഒ.ഡി. ഏരിയ കോ-ഓർഡിനേറ്റർ ഷൈനി സിബി നേതൃത്വം നല്കി.

### സജീവം ലഹരി വിരുദ്ധ യജ്ഞം

കാരിത്താസ് ഇന്ത്യയുടെയും കെസി ബി സി യുടെയും കേരള സോഷ്യൽ സർവീസ് ഫോറത്തിന്റെയും നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി നടപ്പാക്കുന്ന 'സജീവം ലഹരി വിരുദ്ധ യജ്ഞം കേരള' താമരശ്ശേരി രൂപത തല ഉദ്ഘാടനം സി.ഒ.ഡി യുടെ സഹകരണത്തോടെ തിരുവമ്പാടി അൽഫോൻസാ കോളേജിൽ നടന്നു. താമരശ്ശേരി രൂപത അധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. രൂപത വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കര അധ്യക്ഷനായി. കോഴിക്കോട് എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ വി. രാജേന്ദ്രൻ, സി ഒ ഡി ഡയറക്ടർ ഫ. ജോർജ് ചെമ്പരത്തിക്കൽ ഫാ. ജേക്കബ് മാവുങ്കൽ അൽഫോൻസ കോളേജ് മാനേജർ ഫാ. സ്കറിയ മങ്കര സജീവം കേരള സ്റ്റേറ്റ് കോ-ഓർഡിനേറ്റർ ആൽബിൻ ജോസ്, രൂപത മദ്യവിരുദ്ധ സമിതി സെക്രട്ടറി ജോളിജോസഫ്, സെബാസ്റ്റ്യൻ കോളേജ് പ്രിൻസിപ്പൽ ഡോ. ചാക്കോ കാളംപറമ്പിൽ എന്നിവർ സംസാരിച്ചു.

### കാവൽ പദ്ധതി

COD കാവൽ പദ്ധതിയുടെ ഭാഗമായി CCL കുട്ടികളുടെ മാതാപിതാക്കൾക്ക് വേണ്ടി COD ഹാളിൽ വച്ച് ട്രെയിനിങ് ക്യാമ്പ് നടത്തി. രണ്ടു ദിവസങ്ങളിലായി നടന്ന ക്ലാസിനു 40 പേർ പങ്കെടുത്തു. കാവൽ കോ-ഓർഡിനേറ്റർ അമൽ പങ്കജാക്ഷൻ, കേസ് വർക്കർ അശ്വന സന്തോഷ് എന്നിവർ നേതൃത്വം നല്കി. കേരള സർക്കാർ ആവിഷ്കരിച്ച നിയമവുമായിപൊരുത്തപ്പെടാത്ത 18 വയസ്സിനു താഴെ പ്രായമുള്ള കുട്ടികളുടെ മനസികസാമൂഹിക പുനരധിവാസമാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

### ജല ജീവൻ പദ്ധതി

### ജലദിനാചരണം

ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ജില്ലാ ജല ശുചിത്വ മിഷൻ, ജൽ ജീവൻ പദ്ധതി നിർവഹണ ഏജൻസികളും ചേർന്ന് ജല ദിനചാരത്തിന്റെ ഭാഗമായി സെമിനാറും ജില്ലാ തല ക്വിസ് മത്സരവും സങ്കടിപ്പിച്ചു. കോഴിക്കോട് ന്യൂ നളന്ദ ഓഡിറ്റോറിയത്തിൽ വെച്ച് നടന്ന ചടങ്ങിൽ ജല വിഭവ വകുപ്പ് മന്ത്രി

ശ്രീ. റോഷി അഗസ്റ്റിൻ ഉദ്ഘാടനംചെയ്തു മന്ത്രിമാരായ ശ്രീ. പി എ മുഹമ്മദ് റിയാസ്, ശ്രീ. അഹമ്മദ് ദേവർകോവിൽ, ശ്രീ. എ കെ ശശീന്ദ്രൻ എന്നിവർ സന്ദേശം അറിയിച്ചു. ജില്ലാ ശുചിത്വ മിഷൻ മെമ്പർ സെക്രട്ടറി ശ്രീ. അരുൺ കുമാർ, അഡ്വ. ജാനകി പി, ശ്രീ. തുളസീധരൻ പിള്ള എന്നിവർ ക്ലാസ്സ് നയിച്ചു. കോഴിക്കോട് ജില്ലയിലെ മുഴുവൻ കോളേജുകളിൽ നിന്നുമുള്ള പങ്കാളിത്തം ജലദിന ക്വിസ് മത്സരത്തെ മികച്ചതാക്കി, സി ഒ ഡി ഡയറക്ടർ ജോർജ് ചെമ്പരത്തിക്കൽ, ജല ജീവൻ മിഷൻ കോ-ഓർഡിനേറ്റർ ആൽബിൻ ടോമി, ടീം ലീഡർമാരായ ജ്യോതിസ് ജോസ്, റെനി സബ്, ക്രിസ്റ്റീന കുര്യാക്കോസ്, ആഷിക തസ്നീം, ഷാദിയ പി എന്നിവരും കൂടാതെ സ്റ്റാർസ്, മിറർ, കെ ജി എൻ എസ്, തുടങ്ങിയ ഒട്ടേറെ നിർവഹണ സഹായ ഏജൻസികളുടെ കൂട്ടായ പ്രവർത്തനങ്ങൾ ജല ദിന ആചരണത്തെ മികച്ചതാക്കി.

തിരുവമ്പാടി ഗ്രാമപഞ്ചായത്തിൽ വച്ച് മാർച്ച് 22 ന് ജലദിനത്തോടനുബന്ധിച്ചു കുടുംബശ്രീ, ADS, അംഗനവാടി ടീച്ചേഴ്സ് എന്നിവരെ ഉൾപ്പെടുത്തി ഉപന്യാസ മത്സരം നടത്തി.പരിപാടിയുടെ ഉദ്ഘാടനം തിരുവമ്പാടി പഞ്ചായത്ത് വൈസ് പ്രസിഡന്റ് അബ്ദുറഹിമാൻ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് മേഴ്സി പുളിക്കാട്ട് അധ്യക്ഷം വഹിച്ചു. മത്സര വിജയികൾക്ക് കുടുംബശ്രീയുടെ പൊതുസഭയിൽ വച്ച് നൽകുന്നതാണ്.

ഓമശ്ശേരി ഗ്രാമ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വെച്ച് 22/03/2023 ബുധനാഴ്ച്ച രാവിലെ 10.30ന് പഞ്ചായത്ത് തലത്തിൽ ‘വെള്ളം വെള്ളം സർവ്വത്ര തുള്ളി കുടിപ്പാൻ ഇല്ലത്രെ’ എന്ന വിഷയത്തിൽ ഉപന്യാസ രചനാ മത്സരം സംഘടിപ്പിച്ചു. സി ഡി എസ് ചെയർപേഴ് സണൽ ശ്രീമതി സുഹറ നച്ചുളി പരിപാടി ഉദ്ഘടനം ചെയ്തു. മത്സരത്തിൽ നിരവതി ആളുകൾ പങ്കെടുത്തു, ഒന്നും രണ്ടും സ്ഥാനം നേടിയവർക്കുള്ള സമ്മാനം വിതരണം ചെയ്തു. ജൽ ജീവൻ മിഷൻ ടീം ലീഡർ ജ്യോതിസ് ജോസ് പരിപാടിക്ക് നേതൃത്വം നല്കി.

താമരശ്ശേരി ഗ്രാമ പഞ്ചായത്തിൽ ലോകജലദിനമായ മാർച്ച് 22 ന് ജൽ ജീവൻ മിഷന്റെ ഭാഗമായി പരിപാടികൾ സംഘടിപ്പിച്ചു. താമരശ്ശേരി ഗ്രാമപഞ്ചായത്തിന്റെയും ജൽ ജീവൻ മിഷൻ നിർവഹണ സഹായ ഏജൻസിയായ COD (താമരശ്ശേരി) യുടെയും ആഭിമുഖ്യത്തിൽ നടന്ന പരിപാടിയിൽ കൈതപ്പൊയിൽ ലിസ്സാ കോളേജ് വിദ്യാർത്ഥികൾ ഫ്ളാഷ്മോബും മൈമും അവതരിപ്പിച്ചു. ടീം ലീഡർ ആഷിക തസ്നീം പരിപാടികൾക്ക് നേതൃത്വം നല്കി.

കൂടരഞ്ഞി ഗ്രാമ പഞ്ചായത്ത് ഹാളിൽ വെച്ച് ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി 22-03-2023 ബുധനാഴ്ച്ച രാവിലെ 10.30ന് പഞ്ചായത്ത് തല

ത്തിൽ 'വെള്ളം വെള്ളം സർവ്വത്ര തുള്ളി കുടിപ്പാൻ ഇല്ലത്രെ' എന്ന വിഷയത്തിൽ ഉപന്യാസ രചനാ മത്സരം സംഘടിപ്പിച്ചു. ടീം ലീഡർ ക്രിസ്റ്റീന കുര്യാക്കോസ് നേതൃത്വം നല്കി.

### അംഗൻവാടി ബോധവൽക്കരണം

താമരശ്ശേരി ഗ്രാമ പഞ്ചായത്ത് ജല ജീവൻ പദ്ധതിയുടെ ഭാഗമായി കതിരോട് അംഗൻവാടിയിൽ വച്ച് അംഗൻവാടി ബോധവൽക്കരണം നടത്തി. ടീം ലീഡർ ആഷിക തസ്നീം കോ-ഓർഡിനേറ്റർ ആൽബിൻ ടോമി എന്നിവർ ക്ലാസ്സുകൾക്കു നേതൃത്വം നല്കി. വട്ടക്കൊരു, കാരാടി അംഗൻവാടിയിൽ നടന്ന പരിപാടിയിൽ വാർഡ് മെമ്പർ ശ്രീമതി ആയിഷ, അംഗൻവാടി ടീച്ചർ എന്നിവർ സംസാരിച്ചു. കോ-ഓർഡിനേറ്റർ ആൽബിൻ ടോമി ജല ജീവൻ പദ്ധതി വിശദീകരിച്ചു. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ജലജന്യരോഗങ്ങ ളെക്കുറിച്ചു ക്ലാസ് എടുത്തു.

**ഫാ. ജോർജ്ജ് ചെമ്പരത്തി**
ഡയറക്ടർ, വികസനവേദി



# യേശുനിധി

21.03.2023 മുതൽ 20.04.2023 വരെ യേശുനിധിയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി നല്കിയ തുകയും ഇടവകയും താഴെചേർക്കുന്നു.

### Education

| | | |
|---|---|---|
| 1 | Manjuvayal | 10,000.00 |
| 2 | Narinada | 15,000.00 |
| 3 | Passukadave | 15,000.00 |
| 4 | Vilakkamthode | 10,000.00 |

### Home

| | | |
|---|---|---|
| 5 | Anackampoil | 10,000.00 |
| 6 | Chembukadave | 15,000.00 |
| 7 | Karikandanpara | 15,000.00 |
| 8 | Kattullamala | 15,000.00 |
| 9 | Koomully | 10,000.00 |
| 10 | Mailellampara | 7,000.00 |
| 11 | Manjuvayal | 15,000.00 |
| 12 | Palloor | 15,000.00 |
| 13 | Paropady | 10,000.00 |
| 14 | Thalayad | 10,000.00 |
| 15 | Tirur | 10,000.00 |
| 16 | Vilangad | 15,000.00 |

### Medical

| | | |
|---|---|---|
| 17 | Adackakundu | 10,000.00 |
| 18 | Balussery | 10,000.00 |
| 19 | Chamal | 10,000.00 |
| 20 | Kattipara | 8,000.00 |
| 21 | Kodanchery | 10,000.00 |
| 22 | Koorottupara | 10,000.00 |
| 23 | Kuttipuram | 10,000.00 |
| 24 | Manjuvayal | 5,000.00 |
| 25 | Narinada | 8,000.00 |
| 26 | PT Chacko Nagar | 8,000.00 |
| 27 | PT Chacko Nagar | 10,000.00 |
| 28 | Thiruvambady | 10,000.00 |
| 29 | Vettilappara | 8,000.00 |

### Marriage

| | | |
|---|---|---|
| 30 | Chamal | 20,000.00 |

### Miscellaneous

| | | |
|---|---|---|
| 31 | Thalayad | 10,000.00 |
| | **TOTAL** | **3,44,000.00** |

**ഫാ. കുര്യാക്കോസ് മുകാല**
ഫിനാൻസ് ഓഫീസർ

# അജപാലനക്കുറിപ്പുകൾ

## ഏപ്രിൽ

1 രാവിലെ, രൂപതാഭവനിൽ താമരശ്ശേരി വിനയഭവൻ സെമിനാരിയിലെ വൈദിക വിദ്യാർത്ഥികളെ സ്വീകരിക്കുകയും അവരുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്തു.

താമരശ്ശേരി മേരി മാതാ കത്തീഡ്രൽ ദൈവാലയത്തിൽ, താമരശ്ശേരി രൂപതാ മാതൃവേദിയുടെ നേതൃസംഗമം ഉദ്ഘാടനം ചെയ്തു.

ഉച്ചകഴിഞ്ഞ്, പാലക്കാട് രൂപതയിലെ ചീനികപ്പാറ സെന്റ് തോമസ് ഇടവകയിൽ ബഹു. ജെയിംസ് ചേരിക്കലച്ചന്റെ മാതാവ് ത്രേസ്യാമ്മ ചേരിക്കലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു.

2 രാവിലെ, താമരശ്ശേരി മേരി മാതാ കത്തീഡ്രൽ ദൈവാലയത്തിൽ ഓശാന തിരുന്നാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിക്കുകയും ഓശാന തിരുന്നാൾ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയും ചെയ്തു.

വൈകുന്നേരം, പുല്ലൂരാംപാറ ബഥാനിയായിൽ ധ്യാനത്തിൽ സംബന്ധിച്ചവർക്കുവേണ്ടി ദിവ്യബലിയർപ്പിച്ചു.

3 രാവിലെ, രൂപതാഭവനിൽ നടന്ന അൽഫോൻസ സ്കൂൾ ട്രസ്റ്റ് മീറ്റിങ്ങിൽ സംബന്ധിച്ചു.

താമരശ്ശേരി മേരി മാതാ കത്തീഡ്രൽ ദൈവാലയത്തിൽ നടന്ന വൈദികരുടെ മാസധ്യാനത്തിൽ സംബന്ധിക്കുകയും മൂറോൻ വെഞ്ചരിപ്പ് കർമ്മങ്ങൾക്ക് നേതൃത്വം നൽകുകയും ദിവ്യബലിയർപ്പിക്കുകയും ചെയ്തു.

4 രാവിലെ, പി.എം.ഒ.സി. യിൽ പ്രീകാനാ കോഴ്സിൽ സെബന്ധിച്ചവർക്കുവേണ്ടി ദിവ്യബലിയർപ്പിക്കുകയും തുടർന്ന് ക്ലാസ്സെടുക്കുകയും ചെയ്തു.

രാവിലെ, പി.എം.ഒ.സി. യിൽ നടന്ന താമരശ്ശേരി രൂപതാ ദൈവവിളി ക്യാമ്പിൽ സംബന്ധിച്ചവരെ അഭിസംബോധന ചെയ്തു.

വൈകുന്നേരം, സി.എസ്.എൻ. സന്യാസിനീ സഭാ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ആഷ്‌ലി സി.എസ്.എന്നിനെ രൂപതാഭവനിൽ സ്വീകരിച്ചു.

5 രാവിലെ, കോടഞ്ചേരി കർമ്മലീത്ത മിണ്ടാമഠത്തിൽ ദിവ്യബലിയർപ്പിച്ചു.

6 രാവിലെ, താമരശ്ശേരി മേരി മാതാ കത്തീഡ്രൽ ദൈവാലയത്തിൽ പെസഹാ തിരുന്നാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിക്കുകയും പെസഹാതിരുന്നാൾ സുശ്രൂഷകൾക്ക് നേതൃത്വം നൽകുകയും ചെയ്തു.

വൈകുന്നേരം, ദേവഗരി സെന്റ് ജോസഫ്സ് ദൈവാലയത്തിൽ 40 ണി ആരാധന സമാപിപ്പിക്കുകയും തുടർന്ന് പെസഹാത്തിരുന്നാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിക്കുകയും പെസഹാ ശുശ്രൂഷകൾക്ക് നേതൃത്വം ൻകുകയും ചെയ്തു.

മേരിക്കുന്ന് ഗുഡ്ഷെപ്പേർഡ് വൈദിക വിശ്രമ മന്ദിരത്തിൽ പെസഹായോടനുബന്ധിച്ചുള്ള അപ്പം മുറിക്കൽ ശുശ്രൂഷയിൽ സംബന്ധിച്ചു.

7 രാവിലെ, വെറ്റിലപ്പാറ സെന്റ് അഗസ്റ്റിൻ ദൈവാലയത്തിൽ പീഡാനുഭവ വെള്ളിയുടെ തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകി.

വൈകുന്നേരം, പാറോപ്പടി സെന്റ് ആന്റണീസ് ദൈവാലയവും വെള്ളിമാടുകുന്ന് ഹോളി റെഡീമർ മർ ലാറ്റിൻ കാത്തലിക് ദൈവാലയവും സംയുക്തമായി സംഘടിപ്പിച്ച കുരിശിന്റെ വഴിയിൽ സംബന്ധിച്ചവർക്ക് ഹോളി റെഡീമർ പള്ളിയിൽ സന്ദേശം നൽകി.

8 രാവിലെ, വേനപ്പാറ തിരുക്കുടുംബ ദൈവാലയത്തിൽ ദിവ്യബലിയർപ്പിക്കുകയും ദുഃഖശനിയുടെ തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു.

വേനപ്പാറ ഇടവകയിലെ യുവജനങ്ങളെ അഭിസംബോധന ചെയ്തു സസാരിച്ചു.

9 വെളുപ്പിന് 3 മണിക്ക് താമരശ്ശേരി മേരി മാതാ കത്തീഡ്രലിൽ ദിവ്യബലിയർപ്പിക്കുകയും ഉയിർപ്പുതിരുന്നാൾ കർമ്മങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു.

വൈകുന്നേരം, ദേവഗിരി സെന്റ് ജോസഫ്സ് ദൈവാലയത്തിൽ ഒരു കുഞ്ഞിന് പ്രാരംഭ കൂദാശകൾ നല്കി.

10 രാവിലെ, കുളത്തുവയൽ സെന്റ് ജോർജ്ജ് തീർത്ഥാടന കേന്ദ്രത്തിൽ ദിവ്യബലിയർപ്പിക്കുകയും കണ്ണാടിപ്പാറയിൽ പുതുക്കിപ്പണിത ഗ്രോട്ടോ വെഞ്ചരിക്കുകയും ചെയ്തു.

11 രാവിലെ, ഇടിവണ്ണ സെന്റ് തോമസ് ദൈവാലയത്തിൽ സി. റോസ്ബിൻ എസ്.എ.ബി.എസിന്റെ ജൂബിലിയോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

12 രാവിലെ, കണ്ണോത്ത് സെന്റ് മേരീസ് ദൈവാലയത്തിൽ ഒരു കുടുംബത്തിലെ നാലാമത്തെ പ്രാരംഭ കൂദാശകൾ നല്കി.

താമരശ്ശേരി മേരി മാതാ കത്തീഡ്രൽ ദൈവാലയത്തിൽ ഏതാനും കുഞ്ഞുങ്ങൾക്ക് ആദ്യകുർബ്ബാന നല്കി.

കോഴിക്കോട് ദേവഗിരി സെന്റ് ജോസഫ്സ് ഇടവക മൂഴിക്കലിൽ നിർമ്മിച്ച ഒരു ഭവനം ആശീർവദിച്ചു.

വൈകുന്നേരം ഒ.എസ്.എഫ്.എസ്. പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. ഫാ. വിൻസെന്റ്കുമാർ ഒ.എസ്.എഫ്.എസിനെ രൂപതാഭവനിൽ സ്വീകരിച്ചു.

13 ആരാധനാസന്യാസിനീ സമൂഹത്തിന്റെ താമരശ്ശേരി വിമല മാതാ പ്രൊവിൻഷ്യ ഹൗസിൽ ഏതാനും സഹോദരിമാരുടെ പ്രഥമ വ്രതവാഗ്ദാന തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ച് ദിവ്യബലിയർപ്പിച്ചു.

വൈകുന്നേരം, പുല്ലൂരാംപാറ സെന്റ് ജോസഫ്സ് ദൈവാലയത്തിൽ ഒരു വിവാഹ വാഗ്ദാനകർമ്മത്തിന് നേതൃത്വം വഹിച്ചു.

14 രാവിലെ, കരിങ്ങാട് സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ വച്ച് ഏതാനും കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യം നൽകി

ചാപ്പൻതോട്ടം ഇടവകയുടെ നേതൃത്വത്തിൽ പാവപ്പെട്ട കുടുംബത്തിന് നിർമ്മിച്ചുനൽകിയ ഭവനം വെഞ്ചരിച്ചു.

ചമൽ സെന്റ് ജോർജ്ജ് ഇടവകയിൽ ഒരു വിവാഹ വാഗ്ദാന കർമ്മത്തിന് നേതൃത്വം വഹിച്ചു.

ഉച്ചകഴിഞ്ഞ്, താമരശ്ശേരി മേരി മാതാ കത്തീഡ്രൽ പാരീഷ് ഹാളിൽ നടന്ന അഡ്വാൻസ്ഡ് കാറ്റിക്കിസം കോഴ്സ് മീറ്റിംഗിൽ സംബന്ധിച്ചവരെ അഭിസംബോധന ചെയ്തു.

വൈകുന്നേരം, ചുണ്ടത്തുംപൊയിൽ സെന്റ് ജോർജ്ജ് ദൈവാലയത്തിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നൽകുകയും ഏതാനും കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യം നൽകുകയും ചെയ്തു.

വൈകുന്നേരം, ഈരൂട് വിയാനി വൈദിക വിശ്രമ മന്ദിരത്തിൽ കുര്യാക്കോസ് ചേംബ്ലാനിയുടെ പൗരോഹിത്യ സ്വീകരണത്തിന്റെ അറുപതാം വാർഷികത്തോടനുബന്ധിച്ച് നടന്ന ആഘോഷങ്ങളിൽ പങ്കെടുത്തു.

15 രാവിലെ, കോടഞ്ചേരി മരിയൻ തീർത്ഥാടന ദൈവാലയത്തിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നല്കി.

ചെമ്പനോട ബഥനി സന്യാസിനീ ഭവനത്തിൽ സി. റൂത്ത് ആൻ ന്റെ പ്രഥമ വ്രതവാഗ്ദാനത്തിന്റെ സുവർണ്ണജൂബിലിയോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

വൈകുന്നേരം, വെറ്റിലപ്പാറയിൽ നടന്നതാമരശ്ശേരി രൂപത കെ.സി.വൈ.എം.-എസ്.എം.വൈ.എം. ന്റെ നേതൃത്വത്തിൽ നടത്തിയ ബിഷപ്പ് മാർ

സെബാസ്റ്റ്യൻ മങ്കുഴിക്കരി മെമ്മോറിയൽ മലബാർ മേഖല വോളിബോൾ ടൂർണമെന്റ് ഉദ്ഘാടനം ചെയ്തു.

16 രാവിലെ, പൊന്നിയാംകുറിശ്ശി സേക്രഡ് ഹാർട്ട് ദൈവാലയത്തിൽ അജപാലന സന്ദർശനം നടത്തി.

വൈകുന്നേരം, കരുവാരക്കുണ്ട് തിരുക്കുടുംബ ഫൊറോന ദൈവാലയത്തിൽ ദിവ്യബലിയർപ്പിക്കുകയും പുതുക്കിപ്പണിത പാരീഷ്ഹാൾ വെഞ്ചരിക്കുകയും ചെയ്തു.

17 രാവിലെ, പടത്തുകടവ് ഹോളി ഫാമിലി ദൈവാലയത്തിൽ ഏതാനും കുട്ടികൾക്ക് ആദ്യകുർബ്ബാന നൽകി.

പടത്തുകടവ് ഇടവകയിൽ ഒരു ഭവനം വെഞ്ചരിച്ചു.

മരുതോങ്കര സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ ഒരു വിവാഹം ആശീർവദിച്ചു.

18 രാവിലെ, പുല്ലൂരാംപാറ ബഥാനിയായിൽ കുട്ടികളുടെ ധ്യാനത്തിൽ സംബന്ധിച്ചവർക്കുവേണ്ടി ദിവ്യബലിയർപ്പിച്ചു.

അമ്പായത്തോട് എഫ്.സി.സി. സന്യാസിനീ സമൂഹത്തിലെ സി. ടീൻമേരി എഫ്.സി.സി.യുടെ പ്രഥമ വ്രതവാഗാദാനത്തിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

20 രാവിലെ, തോട്ടുമുക്കം സെന്റ് തോമസ് ഫോറോന ദൈവാലയത്തിൽ വെച്ച് ഒരു വിവാഹം ആശീർവദിച്ചു.

ഉച്ചകഴിഞ്ഞ്, പി.എം.ഒ.സി.യിൽ നടന്ന താമരശ്ശേരി രൂപത ചെറുപുഷ്പ മിഷൻലീഗിന്റെ ഗ്രാന്റ് മാസ്റ്റർ ട്രയിനിംഗ് ക്യാംപിന്റെ സമാപന സമ്മേളനത്തിൽ അദ്ധ്യക്ഷം വഹിച്ചു.

പി.എം.ഒ.സി.യിൽ നടന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ആന്റ് അഗ്രിക്കൾച്ചർ എത്തിക്സ് (ഐ.എഫ്.എ.ഇ) ന്റെ ട്രയിനിംഗ് ക്യാമ്പിൽ പങ്കെടുക്കുകയും പങ്കെടുക്കുന്നവരെ അഭിസംബോധന ചെയ്യുകയും ചെയ്തു.

21 രാവിലെ, പി.എം.ഒ.സി.യിൽ പ്രീ-കാനാ കോഴ്സിൽ സംബന്ധിച്ചവർക്കുവേണ്ടി ക്ലാസ്സെടുത്തു.

പാറോപ്പടി സെന്റ് ആന്റണീസ് ഫൊറോന പാരീഷ് ഹാളിൽ നടന്ന ദീപിക ഫ്രണ്ടസ് ക്ലബ്ബിന്റെ യോഗത്തിൽ അദ്ധ്യക്ഷം വഹിച്ചു.

ഉച്ചകഴിഞ്ഞ്, കോഴിക്കോട് സ്റ്റാർട്ടിൽ നടന്ന മിനി മാസ്റ്റർ ക്യാംപ് ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം പി.എം.ഒ.സി.യിൽ നടന്ന താമരശ്ശേരി രൂപത മതബോധന ഡിപ്പാർട്ട്മെന്റ് സംഘടിപ്പിച്ച പ്രതിഭാസംഗമം ഉദ്ഘാടനം ചെയ്തു.

വൈകുന്നരം, പാറോപ്പടി ഗദ്സമേൻ ധ്യാനകേന്ദ്രത്തിൽ, കെ.സി.വൈ.എം., കാറ്റക്കിസം, എം.എസ്.എം.ഐ. കോൺഗ്രിഗേഷൻ എന്നിവർ സംയുക്തമായി സംഘടിപ്പിച്ച AVIV 2K23 അവീവ് യുവജന കൺവെൻഷനിൽ സംബന്ധിച്ചവർക്കുവേണ്ടി ദിവ്യബലിയർപ്പിച്ചു.

22 രാവിലെ, കൂരാച്ചുണ്ട് സെന്റ് തോമസ് ഫൊറോന ദൈവാലയത്തിൽ ഏതാനും കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യം നൽകി.

കുളത്തുവയൽ എം.എസ്.എം.ഐ. ജനറലേറ്റിൽ എൻ.ആർ.സി. ഹാളിൽ നടന്ന ഏതാനു സന്യാസിനികളുടെ നിത്യവ്രതവാഗ്ദാനത്തിലും ജൂബിലിയിലും മുഖ്യ കാർമ്മികത്വം വഹിക്കുകയും ദിവ്യബലിയർപ്പിക്കുകയും ചെയ്തു.

വൈകുന്നേരം, മഞ്ഞക്കുന്ന് സെന്റ് അൽഫോൻസ ദൈവാലയത്തിൽ ദിവ്യബലിയർപ്പിക്കുകയും പുതുതായി നിർമ്മിച്ച വി. യൗസേപ്പിതാവിന്റെ നാമത്തിലുള്ള ഗ്രോട്ടോ വെഞ്ചരിക്കുകയും ഇടവകയുടെ നേതൃത്വത്തിൽ പാവപ്പെട്ട കുടുംബത്തിന് നിർ മ്മിച്ച ഭവനം വെഞ്ചരിക്കുയും ചെയ്തു.

വൈകുന്നേരം, പബ്ലിക് അഫയേഴ്സ് സംഘടിപ്പിച്ച ഓൺലൈനായി മീറ്റിംഗിൽ പങ്കെടുത്തു.

23 രാവിലെ, പന്തല്ലൂർ സെന്റ് മേരീസ് ദൈവാലയത്തിൽ ഇടവകത്തിരുന്നാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

വൈകുന്നേരം, ചമൽ സെന്റ് ജോർജ്ജ് ദൈവാലയത്തിൽ ഇടവകസ്ഥാപനത്തിന്റെ സുവർണ്ണ ജൂബിലി സമാപനത്തിനും ഇടവകത്തിരുന്നാളിനോടുമനുബന്ധിച്ച് ദിവ്യബലിയർപ്പിക്കുകയും ഏതാനും പേരെ ആദരിക്കുകയും ചെയ്തു.

24 രാവിലെ, രൂപതാഭവനിൽ വെച്ച് പുതുതായി രൂപതാ മൈനർ സെമിനാരിയിൽ ചേരുവാൻ ആഗ്രഹിക്കുന്ന കുട്ടികളുമായി അഭിമുഖം നടത്തി.

ഉച്ചകഴിഞ്ഞ്, വെറ്റിലപ്പാറ ഇടവകയിൽ പരേതയായ മറിയക്കുട്ടി തെരുവത്തിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നല്കി.

വൈകുന്നേരം, പുല്ലൂരാംപാറ ബഥാനിയായിൽ ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്കുള്ള ധ്യാനത്തിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

25 രാവിലെ, രൂപതാഭവനിൽ വി. ഗീവർഗ്ഗീസ് സഹദായുടെ തിരുന്നാളിനോടനുബന്ധിച്ച് ഗീവർഗീസ് നാമധാരികളായ വൈദികരോടൊപ്പം ദിവ്യബലിയർപ്പിച്ചു.

കുന്ദമംഗലം നവജ്യോതി സ്കൂളിൽ വെച്ച് നടന്ന ഡി.സി.എൽ. സംഘടിപ്പിക്കുന്ന കട്ടികളുടെ ശലഭോത്സവം ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

പൂളക്കടവ് തിരുഹൃദയ സന്യാസിനീ പ്രവിശ്യാ ഭവനത്തിൽ വെച്ച് ഏതാനും സന്യാസിനികളുടെ നിത്യവ്രത വാഗ്ദാനത്തിലും രജത, സുവർണ്ണ ജൂബിലിയിലും മുഖ്യകാർമ്മികത്വം വഹിക്കുകയും ദിവ്യബലിയർപ്പിക്കുകയും ചെയ്തു.

26 രാവിലെ, മാനന്തവാടി രൂപതയിലെ പാടിച്ചിറ ഇടവകയിൽ സി. സെലസ്റ്റി എം.എസ്.എം.ഐ. യുടെ പ്രഥമ വ്രതവാഗ്ദാനത്തിന്റെ രജത ജൂബിലിയോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

വൈകുന്നേരം, പുനർനിർമ്മിച്ച പൂതംപാറ ലിറ്റിൽ ഫ്ലവർ ദൈവാലയത്തിന്റെ കൂദാശകർമ്മം നടത്തി.

27 രാവിലെ, പാറോപ്പടി ഗദ്സെമേനി ധ്യാനകേന്ദ്രത്തിൽ വെച്ച് എം.എസ്.എം.ഐ. സന്യാസിനികളുടെ പ്രഥമ വ്രതവാഗ്ദാനത്തിന്റെ രജത, സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

വൈകുന്നേരം, കൽക്കുണ്ട് സെന്റ് മേരീസ് ദൈവാലയത്തിലെ തിരുന്നാളിനോടനുബന്ധിച്ച് റാസകുർബ്ബാന അർപ്പിച്ചു.



# POPE FRANCIS
# REGINA CAELI



Indeed, for us to it is important to reread our history together with Jesus: the story of our life, of a certain period, of our days, with its disappointments and hopes. Besides, we too, like those disciples, faced with what happens to us, can find ourselves lost in the face of these events, alone and uncertain, with many questions and worries, disappointments, many things. Today's Gospel invites us to tell Jesus everything, sincerely, without being afraid of disturbing him: he listens; without fear of saying the wrong thing, without shame at our struggle to understand. The Lord is happy whenever we open ourselves to him; only in this way can he take us by the hand, accompany us and make our hearts burn again (cf. v. 32). We too, then, like the disciples of Emmaus, are called to spend time with him so that, when evening comes, he will remain with us (cf. v. 29).

There is a good way of doing this, and today I would like to propose it to you: it consists of dedicating some time, every evening, to a brief examination of conscience. But, what happened today within me? That is the question. It is a matter of rereading the day with Jesus, rereading my day: opening the heart to him, bringing to him people, choices, fears, falls and hopes, all the things that happened; to learn gradually to look at things with different eyes, with his eyes and not just our own. We can thus relive the experience of those two disciples. Before Christ's love, even that which seems wearisome and unsuccessful can appear under another light: a difficult cross to embrace, the decision to forgive an offence, a missed opportunity for redress, the toil of work, the sincerity that comes at a price, and the trials of family life can appear to us in a new light, the light of the Crucified and Risen, who knows how to turn every fall into a step forward. But to do this, it is important to drop our defences: to leave time and space for Jesus, not to hide anything from him, to bring him our miseries, to let ourselves be wounded by his truth, to let our heart vibrate at the breath of his Word.

*Saint Peter's Square*
*Sunday, 23 April 2023*

# THAMARAMOTTUKAL

Registered with Registrar of Newspapers of India.
| RNI NO. 71212/99 | Date of Publication : 29-04-2023 |

























നോമ്പിലെ നാല്പതാം വെള്ളിയാഴ്ച താമരശ്ശേരി
കത്തീഡ്രലിൽ നിന്നും കുളത്തുവയൽ തീർത്ഥാടന
കേന്ദ്രത്തിലേക്ക് നടത്തിയ തീർത്ഥാടനത്തിൽനിന്ന്

Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor, Diocese of Thamarassery, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral Thamarassery P.O., Kozhikode - 673 573 and published at Thamarassery. Editor : Fr. Abraham Kavilpurayidathil, Thamaramottukal Monthly, Volume 25, issue 05, May 2023, Pages 48.